കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail: dotvm.ksad@kerala.gov.in, lfadtvm@yahoo.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.7 /1867/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം

തിരുവനന്തപുരം,

തീയതി : 03.12.2019

Phone No : 0471-2331231
E-mail lfadtvm@yahoo.in

**ജോയിന്റ് ഡയറക്ടർ**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

**ഒപ്പ്**

**ജോയിന്റ് ഡയറക്ടർ**

**<u>പകർപ്പ് :</u>**

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്, 4. സ്പെയർ

**നം കെ.എസ്.എ.റ്റി.വി.എം/ജി.പി.7/1867/2019**
**തീയതി:03.12.2019**

**<u>തിരുവനന്തപുരം ജില്ലയിലെ ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തിരുവനന്തപുരം ജില്ലയിലെ **ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1-04-2018 മുതൽ 17-09-2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 30 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ.എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 18-09-2019 മുതൽ 30-09-2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീമതി.വാലന്റീന.എം | ഓഡിറ്റ് ഓഫീസർ . |
| | | ശ്രീമതി.ലേഖ എം.എൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.രാജേഷ് എം.ജി (18-09-2019 മുതൽ 19-09-2019 വരെ) | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | | |

| | | | |
|---|---|---|---|
| | | ശ്രീ.വിനോദ്.എസ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | | ശ്രീ.ശരത് ജെ ശങ്കർ | ഓഡിറ്റർ |

**(ബി) നിർവഹണാധികാരികൾ**

| | പേര് | കാലയളവ് |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ.എൻ.നവപ്രകാശ് | 01.04.2018 മുതൽ 31.03.2019 വരെ |
| **സെക്രട്ടറി** | ശ്രീ. ആർ.റ്റി.ബിജുകുമാർ | 01.04.2018 മുതൽ 20.06.2018 FNവരെ |
| | ശ്രീമതി.സിന്ധു ആർ.എസ് | 20.06.2018 AN മുതൽ 31.03.2019 വരെ |

**നിർവ്വഹണോദ്യോഗസ്ഥർ**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.അശ്വതി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ. ജെസി അലക്സ് | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.ബിന്ദു | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. രമാദേവി.എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. വി.രമ | 01.04.2018 മുതൽ 31..03.2019 |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.സീമ .എസ് | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീ. ഷാജി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. അഭിലാഷ് | 01.04.2018 മുതൽ 31.03.2019വരെ |
| കൃഷി ഓഫീസർ | ശ്രീ. മണിവർണ്ണൻ ജി.കെ | 01.04.2018 മുതൽ 31.03.2019വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. അൻസീറ. ബി | 01.04.2018 മുതൽ 31.03.2019വരെ |
| എച്ച്.എം, ഗവ.എൽ.പി.എസ് | ശ്രീ. രാധാകൃഷ്ണൻ | 01.04.2018 മുതൽ 31.03.2019വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി.സുജാതകുമാരി.ആർ.ജി | 01.04.2018 മുതൽ 31.03.2019 വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |

| | | |
|---|---|---|
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം-അപാകങ്ങൾ | 1-12 |
| 13 | ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ | 1-13 |
| 14 | ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു | 1-14 |
| 15 | **കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല** | 1-15 |
| 16 | **റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.** | 1-16 |
| 17 | **ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണ്ണയം നടത്തുന്നു.** | 1-17 |
| 18 | വസ്തുനികുതി ഒഴിവാക്കിയതിൽ അപാകത | 1-18 |
| 19 | വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത | 1-19 |
| 20 | മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല | 1-20 |
| 21 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു. | 1-21 |
| 22 | വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല | 1-22 |
| 23 | പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല | 1-23 |
| 24 | ടെണ്ടർ നടപടികളിൽ സുതാര്യത കുറവ് - കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പർച്ചെയ്സ് ഓർഡർ നൽകി | 1-24 |
| 25 | ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-25 |
| 26 | ഡെപ്പോസിറ്റ് വർക്ക് വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന ബാലൻസ് തുക ഈടാക്കണം | 1.26 |
| 27 | കറവ പശു വാങ്ങൽ പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു | 1-27 |
| 28 | മുട്ടക്കോഴിയും കൂടും വിതരണം (ജനറൽ, എസ് സി പി) - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല –ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 29 | കിടാരി വളർത്തൽ/ പെണ്ണാട് പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു | 1-29 |
| 30 | കന്നുകുട്ടി പരിപാലനം - മാർഗരേഖയിലെ വ്യവസ്ഥ പാലിച്ചില്ല | 1-30 |
| 31 | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ- 44662/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല - തുക നിരാകരിക്കുന്നു. | 1-31 |
| 32 | കുഴൽ കിണറിന് തുക നൽകിയെങ്കിലും സ്ഥാപിച്ചിട്ടില്ല. | 1-32 |
| 33 | പൂർത്തീകരിച്ച പദ്ധതിക്കും റിവിഷൻ | 1-33 |
| 34 | 2016-17 ൽ ആരംഭിച്ച് സ്പിൽ ഓവറായ പദ്ധതികൾ 2018-19 ലും നടപ്പാക്കിയില്ല. | 1-34 |
| | | |

| | | |
|---|---|---|
| 35 | കാർഷിക കർമ്മസേനയ്ക്ക് വണ്ടി വാങ്ങൽ- തുക ചെലവഴിച്ചതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല. | 1-35 |
| 36 | MGNREGSവ്യക്തിഗത ആനുകൂല്യം - ഗ്രാമസഭ അംഗീകരിച്ചില്ല. | 1-36 |
| 37 | ബഡ്സ് സ്കൂൾ വാഹന വാടക കുടിശ്ശിക അനുവദിച്ചത് ക്രമപ്രകാരമല്ല | 1-37 |
| 38 | അംഗൻവാടിയ്ക്ക് കുടിവെള്ള കണക്ഷൻ - പദ്ധതി രൂപീകരിച്ചില്ല. | 1-38 |
| 39 | പാലിയേറ്റീവ് കെയർ പ്രവർത്തനം -അപാകതകൾ | 1-39 |
| 40 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല | 1-40 |
| 41 | ആവശ്യകത നിർണയിക്കാതെയുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പ് | 1-41 |
| | ഭാഗം 2 | |
| 42 | **വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | ഇല്ല | |
| | ഭാഗം 3 | |
| | **ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 43 | പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ 44,662/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല – തുക നിരാകരിക്കുന്നു | 3-1 |
| | ഭാഗം 4 | |
| | **പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 44 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 45 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 46 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 47 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 48 | **വായ്പ / വായ്പ തിരിച്ചടവ്** | 4-5 |
| 49 | സ്ഥിര നിക്ഷേപം | 4-6 |
| 50 | ഓഡിറ്റ് റിക്കവറി | 4-7 |
| 51 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 52 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 53 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 54 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

23-3-2018 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 21-2-2019 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31-07-2019 | 16-05-2019 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 5866924.77 |
| വരവ് | 70079877 |
| ആകെ | 75946801.77 |
| ചെലവ് | 68158299 |
| നീക്കിയിരിപ്പ് | 7788502.77 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11204733 | 11204733 | 11204733 | 0 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 10659613 | 10659613 | 10659613 | 0 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 6244263 | 6244263 | 6244263 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2781000 | 2781000 | 2781000 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5333000 | 5333000 | 5333000 | 0 |
| സാക്ഷരത | | 9614 | 0 | 9614 | 0 | 9614 |
| റീലീഫ് ഫണ്ട് | | 14672 | 11934 | 26606 | 2000 | 24606 |
| എംജിഎൻആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 21944733 | 21944733 | 21944733 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 138211 | 385712 | 523923 | 484159 | 39764 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | | -40397 | 8276667 | 8236270 | 7698941 | 537329 |
| ബി ഫണ്ട് | | 0 | 60120 | 60120 | 60120 | 0 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 5795190 | 5004704 | 10799894 | 4811204 | 5988690 |
| | ട്രഷറി അക്കൗണ്ട് | -178920 | 9415415 | 9236495 | 8144146 | 1092349 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 177 | 88321908 | 143 | 53240260 | 0 | 34 | 80.8 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 21944733 | 21944733 | 21944733 | 0 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 138211 | 385712 | 523923 | 484159 | 39764 |
| **ആകെ** | **138211** | **22330445** | **22468656** | **22428892** | **39764** |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 272040 | 132 |
| കർഷകതൊഴിലാളി പെൻഷൻ | 1116400 | 298 |
| വിധവാപെൻഷൻ | 11461000 | 2735 |
| വാർദ്ധക്യകാലപെൻഷൻ | 21831100 | 5459 |
| വികലാംഗപെൻഷൻ | 3381600 | 813 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 18-09-2019 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2564/-. രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

ഒരു സ്ഥാപനത്തിന്റെ വളർച്ചയുടെ പ്രഥമ ഘടകം കുറ്റമറ്റ ആഭ്യന്തര നിയന്ത്രണസംവിധാനം ആണ്. പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം ഇനിയും ഏറെ മെച്ചപ്പെടേണ്ടതുണ്ട്. രജിസ്റ്ററുകളുടേയും

വിവരശേഖരണ സംവിധാനങ്ങളുടേയും കാലികമായും കൃത്യമായുമുള്ള സൂക്ഷിപ്പ് ഭരണസമിതി ഉദ്യോഗസ്ഥതലങ്ങളിൽ പ്രത്യേക ശ്രദ്ധ ഊന്നേണ്ട വിഷയമാണ്.

നികുതി നികുതിയേതര വരുമാനങ്ങൾ വർദ്ധിക്കേണ്ടത് പഞ്ചായത്തിന്റെ പുരോഗതിയുടെ അവശ്യ ഘടകമാണ്. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കി സൂക്ഷിക്കാത്തത് സ്ഥാപനത്തിന്റെ വരുമാന വർദ്ധനവിനെ ബാധിക്കുന്നു. ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നതിലും ലൈസൻസ് ഇല്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നതും കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതും സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കാത്തതും അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്. Prior period income Property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 1438264/- രൂപയും Prior period income-Recovery of revenues written off-property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 3049437/- രൂപയും വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയതിന് ആധികാരികതയില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി തുകകളും പൊരുത്തപ്പെടുന്നില്ല.

പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ബജറ്റിൽ ഉൾപ്പെടുത്താതെ ചെലവ് ചെയ്യുകയും ബജറ്റിനെ അധികരിച്ച് ചെലവ് ചെയ്യുകയും ചെയ്യുന്നു. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുകയും കുടിശ്ശികകൾ ഈടാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

ജി.ഒ.(എം.എസ് ) 255/13 ത.സ്വ.ഭ.വ തീയതി 18.7.2013ലെ വ്യവസ്ഥകൾക്ക് അനുസൃതമായി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

<u>പദ്ധതി രൂപീകരണവും നടത്തിപ്പും</u>

വിവിധ ഫണ്ടുകളുടെ വിന്യാസം, ലഭ്യത എന്നിവ കണക്കിലെടുത്തു കൊണ്ട് പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങളിൽ ഭരണ-ഉദ്യോഗസ്ഥ തലങ്ങളിൽ കൂടുതൽ ശ്രദ്ധ ഊന്നേണ്ടതുണ്ട്. ആസൂത്രണസമിതി, വർക്കിങ്ങ് ഗ്രൂപ്പിന്റെ രൂപീകരണം, വികസന സെമിനാർ, വാർഷിക പദ്ധതി അംഗീകാരം എന്നീ നടപടിക്രമങ്ങളിൽ മാർഗരേഖ പ്രകാരമുള്ള സമയക്രമം പാലിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പിന്റെയും മോണിറ്ററിങ്ങ് സമിതിയുടേയും പ്രവർത്തനം തൃപ്തികരമല്ല. ഗ്രാമസഭായോഗങ്ങളിൽ ഉയർന്നു വരുന്നതും വർക്കിങ്ങ് ഗ്രൂപ്പ് ചർച്ച ചെയ്ത് തെരഞ്ഞെടുക്കപ്പെടുന്നതുമായ പല പ്രോജക്ടുകളും നടപ്പിലാക്കപ്പെടുന്നില്ല. സ്റ്റാറ്റസ് റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള ആവശ്യകത പദ്ധതി രൂപീകരണ ഘട്ടങ്ങളിൽ പരിഗണിക്കപ്പെട്ടിട്ടില്ല. സർക്കാർ മാർഗനിർദ്ദേശങ്ങൾക്കനുസൃതമായി ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർണമായും പാലിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>പൊതുഭരണം</u>

ഓഫീസ് ക്രമീകരണത്തിന് വേണ്ടി ഓഫീസ് ഉത്തരവ് തയ്യാറാക്കി ജീവനക്കാരുടെ ജോലി വിഭജനം കൃത്യമായി നിർവ്വഹിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പരിപാലിക്കുന്നുണ്ട്. പൊതുജനങ്ങൾക്ക് ഉപയോഗപ്രദമായരീതിയിൽ ഓഫീസ് ക്രമീകരിച്ചിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 2019 ജൂലായ് | 5/2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.09.2018 | 2013-14 മുതൽ 2017-18 വരെ | റിപ്പോർട്ടിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

നം.കെ.എസ്.എ/റ്റി.വി.എം/ജി.പി.7/1465/2019 തീയതി 20-08-19 പ്രകാരം പുറപ്പെടുവിച്ച വാർഷിക ധനകാര്യ പത്രികയുടെ സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത മറ്റ് പരാമർശങ്ങൾ.

1. ഇൻകം & എക്സ്പെൻഡിച്ചർ I-18 (Prior period Items )ഷെഡ്യൂളിൽ prior period income Property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 1438264/- രൂപയും Prior period income-Recovery of revenues written off-property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 3049437/- രൂപയും വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

2. സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള വസ്തു നികുതി തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി തുകകളും പൊരുത്തപ്പെടുന്നില്ല.

3. Development Fund – General ൽ നിന്നും 76180/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി നിക്ഷേപിച്ചിട്ടുള്ള തുകയാണ്. എന്നാൽ 2018-19 ബാലൻസ് ഷീറ്റ് B4 ഷെഡ്യൂളിൽ ലയബിലിറ്റി ആയി കാണിച്ചിരിക്കുന്നു.

4. തൊഴിൽ രഹിത വേതനമിനത്തിലെ വരവ്/ചെലവ് Income& Expenditure സ്റ്റേറ്റ്മെന്റ് പ്രകാരം 272040/- രൂപയാണ്. എന്നാൽ Receipt & Payment പ്രകാരം 60120/-രൂപയുമാണ്.

5. സംയുക്തപ്രോജക്ട് വിഹിതം - ചുവടെ പറയും പ്രകാരം വ്യത്യാസം കാണുന്നു.

| ഇനം | മുന്നിരിപ്പ് (2017-18 B4 ഷെഡ്യൂൾ) | വരവ് (തൻവർഷ RP31 | ആകെ വരവ് | ചെലവ് (സുലേഖ പത്രിക പ്രകാരം) | 2018-19 B4ഷെഡ്യൂളിൽ നീക്കിയിരിപ്പായി | യഥാർത്ഥത്തിൽ നീക്കിയിരിപ്പായി വരേണ്ട തുക |
|---|---|---|---|---|---|---|

| | | ഷെഡ്യൂൾ പ്രകാരം) | | | രേഖപ്പെടുത്തിയിരിക്കുന്ന തുക | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 36400 | 4828724 | 4865124 | 3587130 | 274970 | 1277994 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 125150 | 2498913 | 2624063 | 2408642 | 515021 | 215421 |

6. 2018-19 ൽ ചുവടെ പറയുന്ന നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാൻ ശേഷിക്കുന്നുണ്ട്. എന്നാൽ ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ നികുതി കുടിശ്ശിക പൂജ്യം എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

| ക്രമ നം | ഇനം | ഡിമാന്റ്/ അരിയർ ഡിമാന്റ് | കളക്ഷൻ (റസീപ്റ്റ് & പേമെന്റ്) | ബാലൻസ് (ബാലൻസ് ഷീറ്റിൽ കുടിശ്ശിക കണക്കാക്കിയിരിക്കുന്നത്) | യഥാർത്ഥത്തിൽ പിരിച്ചെടുക്കേണ്ടിയിരുന്നത് |
|---|---|---|---|---|---|
| 1 | വസ്തു നികുതി റസിഡൻഷ്യൽ അരിയർ | 1330130 | 131967 | 0 | 1198163 |
| 2 | വസ്തു നികുതി നോൺ റസിഡൻഷ്യൽ അരിയർ | 3437370 | 224267 | 0 | 3213103 |
| 3 | വസ്തുനികുതി റസിഡൻഷ്യൽ കറന്റ് | 1508781 | 1113175 (1090017+ 23158 ) | 0 | 395606 |
| 4 | വസ്തു നികുതി നോൺ റസിഡൻഷ്യൽ കറന്റ് | 2962520 | 1078803 | 0 | 1883717 |

# 1-12 ബജറ്റ് രൂപീകരണം-അപാകങ്ങൾ

**a) നടപടിക്രമം പാലിച്ചില്ല**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നടപടി വ്യക്തമല്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനുവരി 15-ന് മുൻപ് | ബജറ്റ് ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. നടപടി വ്യക്തമല്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2018ജനുവരി 25-ന് മുൻപ് | മിനിട്ട്സ് പ്രകാരം ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2018ഫെബ്രുവരി 1-ന് മുൻപ് | നടപടിക്രമം പാലിച്ചിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 20.03.2018-ൽ അംഗീകരിച്ചു |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 20.03.18-ൽ അംഗീകരിച്ചു. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 20.03.18-ന് ചേർന്നു. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 23.03.18-ൽ അംഗീകരിച്ചു |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ തയ്യാറാക്കിയതിന്റെ ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന സമയക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. പുതുക്കിയ ബജറ്റ് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

**b) ബജറ്റിൽ ഉൾപ്പെടാത്ത ചെലവുകൾ നടത്തി**

2018-19 പുതുക്കിയ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവുകൾ നടത്തിയിട്ടുണ്ട്. ഉദാഹരണമായി

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501025 | Agriculture and related sectors-Infrastructure | - | 560000 |
| 2 | 2502001 | Soil and water conservation | - | 188400 |

| | | | | |
|---|---|---|---|---|
| 3 | 2503015 | Service enterprises | - | 60000 |
| 4 | 2511006 | SSA& other educational programs | - | 1150000 |
| 5 | 2511007 | sports | - | 19200 |

**c) ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു**

താഴെപ്പറയുന്ന ഇനങ്ങളിൽ ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചു.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട്. | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്.പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | 2501002 | Agriculture and related sectors-other crops | 90000 | 387700 |
| 2 | 2510115 | Literacy equivalence examination | 25000 | 170158 |
| 3 | 2501041 | Animal husbandry -related facility | 225000 | 560000 |

നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.23/26.09.2019-ന് ലഭിച്ച മറുപടിയിൽ സബ് ഹെഡുകൾ മാറിപ്പോയതിനാലാണ് അപാകതകൾ സംഭവിച്ചത് എന്നാണ് അറിയിച്ചിട്ടുള്ളത്.നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ടാണ് ബജറ്റ് തയ്യാറാക്കിയതെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-13 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് - അപാകങ്ങൾ

**a) ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല**

ഗ്രാമപഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ യഥാസമയം ലൈസൻസ് പുതുക്കുന്നുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.ലൈസൻസിനായി സമർപ്പിച്ച ക്രമ നം.1 മുതൽ 100 വരെയുള്ള അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളെ ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | 1/405,407 | ശ്യാം വിശ്വൻ | വർക്ക്ഷോപ്പ് |
| 2 | 10/340A | ഷാനു അബൂബക്കർ | സോഡായൂണിറ്റ് |
| 3 | IX/44 | ശുഭാ ശശിധരൻ | സ്റ്റേഷനറി |
| 4 | XIII/210 | നളിനാക്ഷൻ | പലവ്യഞ്ജനം |
| 5 | X/രേഖപ്പെടുത്തിയിട്ടില്ല | ചെന്തിൽ | ഫാൻസി |
| 6 | V/302 | രേഖ എസ് നായർ | പലവ്യഞ്ജനം |

**b) സമയപരിധിക്കുള്ളിൽ ലൈസൻസ് പുതുക്കുന്നില്ല.**

1996-ലെ കേരള പഞ്ചായത്ത് രാജ് ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് ചട്ടങ്ങൾ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് 30 ദിവസത്തിന് മുമ്പായി സമർപ്പിക്കേണ്ടതാണ്.എന്നാൽ 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയ ആദ്യ 50 സ്ഥാപനങ്ങളിൽ, 17 സ്ഥാപനങ്ങൾ മാത്രമാണ് മേൽ കാലാവധിക്കുള്ളിൽ ലൈസൻസിനുള്ള അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്.

**c) ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.**

2018-19 വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റിലുൾപ്പെട്ട V, X, XIII എന്നീ വാർഡുകളിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ്/ കെട്ടിട നം | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | V/18 | ശ്രീകാന്ത് | സ്റ്റീൽ ഫാക്ടറി |
| 2 | V/179 | അലാവുദ്ദീൻ റാവുത്തർ | സ്റ്റേഷനറി |
| 3 | V/217 | സിയാദ് | സ്റ്റേഷനറി |
| 4 | V/253 | സുനിൽ | സ്റ്റേഷനറി |
| 5 | V/282 | ബെൻസിലാൽ | ഫ്ലവർമിൽ |
| 6 | X/28 | അനിൽകുമാർ | പലചരക്ക് |
| 7 | X/160 | മോസസ് | തടിക്കട |
| 8 | X/301A | ഔസേഫ് | സ്റ്റോർ |
| 9 | X/406C | ഗൗരി | പലചരക്ക് |
| 10 | XIII/255 | ബൈജു | കേരള മിനറൽസ് |

**d) മൂലധന നിക്ഷേപത്തിന്റെ വിവരം അപേക്ഷയോടൊപ്പം ഉൾപ്പെടുത്തുന്നില്ല.**

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 31.10.2017 ലെ ജി.ഓ(പി).നം.80/2017/ത.സ്വ.ഭ.വ എസ്.ആർ.ഒ.നം.674/2017 പ്രകാരം പുറപ്പെടുവിച്ച വിജ്ഞാപനം പ്രകാരം മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ്ജ് എന്നിങ്ങനെ വിവിധ തട്ടുകളായി മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ ലൈസൻസിനായി സമർപ്പിച്ച എല്ലാ അപേക്ഷകളോടൊപ്പവും അപേക്ഷയുടെ അന്വേഷണ റിപ്പോർട്ടിലും മേൽ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാൽ ലൈസൻസ് ഫീ ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.22/26.09.19 ന് ലഭിച്ച മറുപടിയിൽ ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ലൈസൻസില്ലാതെ ഫാമുകൾ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത് രാജ്(ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ )ചട്ടങ്ങൾ , ചട്ടം 3(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിന്നും അനുവദിക്കുന്ന ലൈസൻസ് കൂടാതെ ഫാമുകൾ സ്ഥാപിക്കുവാനോ നടത്തിക്കൊണ്ട് പോകുവാനോ പാടുള്ളതല്ല. **ഗ്രാമപഞ്ചായത്തിന്റെ 2018-19** സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ വിവിധ ഇനങ്ങളിൽ 16 ഫാമുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ ഇവയ്ക്ക് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സ്വകാര്യം |
|---|---|---|
| 1 | ഡയറി ഫാം | 10 |
| 2 | ഗോട്ട് ഫാം | 1 |
| 3 | മുട്ടക്കോഴി | 3 |
| 4 | ഇറച്ചിക്കോഴി | 1 |
| 5 | മറ്റുള്ളവ | 1 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് 24/27.09.2019ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ സ്ഥാപനങ്ങൾക്ക് അറിയിപ്പ് നൽകി ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-15 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. കോൺട്രാക്ടേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ താഴെപ്പറയും വിധം കരാറുകാർ മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം | പേര് | വിലാസം |
|---|---|---|
| 1 | സോമൻ | മണക്കല്ല്, ചരുവിള പുത്തൻവീട്, നെല്ലിമൂട് പി.ഒ |
| 2 | ബാജി.എം | വടക്കേ ബംഗ്ലാവ്, മണനാക്ക്, പെരുംകുളം പി.ഒ |
| 3 | നഹാസ്.എ | ബിസ്മില്ല, കുളമുട്ടം പി.ഒ |
| 4 | സുൽഫീക്കർ | തോണിച്ചൽ, പെരുമാത്തുറ |
| 5 | സുഗുണാനന്ദൻ | പാട്ടത്തിൽ, ഞെക്കാട്, വടശ്ശേരിക്കോണം |
| 6 | ശ്യാമപ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം പി.ഒ |
| 7 | ചിഞ്ചു പ്രസാദ് | കൃഷ്ണ, വടശ്ശേരിക്കോണം പി.ഒ |
| 8 | രാഗേഷ് | ഉഷസ്, എസ്.വി പുരം, വർക്കല |
| 9 | സി.വിജയൻ | പുലിയത്ത് ഹൗസ്, കാറാത്തല, പാലച്ചിറ പി.ഒ |
| 10 | ജയകുമാർ | ജയവിലാസം, കുളമുട്ടം, വർക്കല |
| 11 | ഹരിപ്രസാദ് | കല്ലുവിള വീട്, ചെറുന്നിയൂർ, വർക്കല |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.02/18.09.19ന് ലഭ്യമാക്കിയ മറുപടിയിൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിലെ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നുണ്ടെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# 1-16 റേഷൻകടകളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2018-19 വർഷത്തേയ്ക്ക് തൊഴിൽ നികുതിയും, സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 08/18.09.2019 ന് ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 12 റേഷൻകടകൾ പ്രവർത്തിക്കുന്നതായി അറിയിച്ചിട്ടുണ്ട്. മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി,സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ

സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് നടപടികൾ ആരംഭിക്കേണ്ടതാണ്.

# 1-17 ചട്ടങ്ങൾ പാലിക്കാതെ വസ്തു നികുതി നിർണയം നടത്തുന്നു.

2011-ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 11 (1), (2) എന്നിവ പ്രകാരം ഓരോ കെട്ടിടത്തിന്റെയും ഉടമ, തന്റെ കെട്ടിടത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളടങ്ങിയതും അവ സത്യമാണെന്ന് സ്വയം സാക്ഷ്യപ്പെടുത്തിയതുമായ വസ്തു നികുതി റിട്ടേൺ 10-ാം ചട്ടം (2)ാം ഉപചട്ടം പ്രകാരം സെക്രട്ടറി പ്രസിദ്ധീകരിക്കുന്ന നോട്ടീസിൽ ആവശ്യപ്പെടുന്ന സമയപരിധിക്കകം സെക്രട്ടറി അല്ലെങ്കിൽ സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ മുൻപാകെ ഫാറം-2ൽ സമർപ്പിക്കേണ്ടതാണ്. മേൽ ചട്ടം 12(4) പ്രകാരം കെട്ടിടഉടമ വസ്തുനികുതി റിട്ടേൺ സമർപ്പിച്ച സംഗതിയിൽ , സെക്രട്ടറി അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ കെട്ടിടത്തെ സംബന്ധിച്ച വിവരങ്ങൾ ആറുമാസത്തിനകം സ്ഥലത്തു പോയി ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമം, ദ്വിതീയം, തൃതീയം എന്നിവയുടെ വിവരങ്ങളും കെട്ടിടത്തിന്റെ മേൽക്കൂരയുടെ തരം, തറയുടെ തരം, കെട്ടിടത്തിന്റെ കാലപ്പഴക്കം എന്നിവയുടെ കൃത്യതയും ഉറപ്പാക്കേണ്ടതുമാണ്. കെട്ടിടത്തെ സംബന്ധിച്ച ആവശ്യമായ വിശദ വിവരങ്ങൾ/ ആധികാരിക രേഖകൾ ഉൾപ്പെടുത്തി ഫോം 6 തയ്യാറാക്കേണ്ടതും ,അപ്രകാരം ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറി വസ്തു നികുതി നിർണയം നടത്തേണ്ടതും ആ വിവരം വസ്തു നികുതി നിർണയ രജിസ്റ്ററിൽ രേഖപ്പെടുത്തി സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തേണ്ടതുമാണ്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് സ്ഥലസന്ദർശനം നടത്തി വസ്തു നികുതി കണക്കാക്കിയ ജീവനക്കാർ തയ്യാറാക്കിയ ഫാറം 6 പരിശോധനയ്ക്ക് ഹാജരാക്കിയില്ല.ആയതിനാൽ സഞ്ചയ സേഫ്റ്റ്‌വെയറിലെ വസ്തുനികുതി നിർണ്ണയത്തിന്റെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ37/28.09.2019-ന് ലഭ്യമാക്കിയ മറുപടിയിൽ ഫാറം 6 തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല എന്ന് അറിയിച്ചിട്ടുണ്ട്. വസ്തുനികുതി ചട്ടങ്ങൾ പ്രകാരമുള്ള വ്യവസ്ഥകൾ പാലിച്ച് വസ്തുനികുതി നിർണ്ണയം നടത്തേണ്ടതും ബന്ധപ്പെട്ട രേഖകൾ കൃത്യമായും പരിപാലിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

# 1-18 വസ്തുനികുതി ഒഴിവാക്കിയതിൽ അപാകത

ഗ്രാമപഞ്ചായത്തിന്റെ 2018-19 വാർഷിക ധനകാര്യപത്രിക ഇൻകം & എക്സ്പെൻഡിച്ചർ I-18 (Prior period Items )ഷെഡ്യൂളിൽ prior period income Property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 1438264/- രൂപയും Prior period income-Recovery of revenues written off-property tax എന്ന ഇനത്തിൽ ഉൾപ്പെടുത്തി 3049437/- രൂപയും വസ്തുനികുതി ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. കൂടാതെ വാർഷിക ധനകാര്യപത്രിക ബാലൻസ്

ഷീറ്റ് B-15 ഷെഡ്യൂളിൽ വസ്തു നികുതി കുടിശ്ശിക സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള വസ്തു നികുതി തുകകളും വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വസ്തു നികുതി തുകകളും പൊരുത്തപ്പെടുന്നില്ല.വിശദാംശം ചുവടെ ചേർക്കുന്നു.

| 2018-19 സാമ്പത്തിക വർഷം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തു നികുതി (അരിയർ) സഞ്ചയ പ്രകാരം | 8910202 | 357370 | 8558060 |
| വസ്തു നികുതി (അരിയർ) എ.എഫ്.എസ് പ്രകാരം | 4929125 | 356234 | ഇല്ല |
| വസ്തു നികുതി (കറന്റ് ) സഞ്ചയ പ്രകാരം | 4008253 | 2174016 | 1763164 |
| വസ്തു നികുതി (കറന്റ്), എ.എഫ്.എസ് പ്രകാരം | 4435301 | 2168820 | ഇല്ല |

മേൽ വിഷയങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.31/27.09.2019-ന് ലഭിച്ച മറുപടിയിൽ വസ്തുനികുതി പിരിവ് 100% ആയതിനാൽ റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച തുകകൾ ബാലൻസ് ഷീറ്റ് B-15 ഷെഡ്യൂളിൽ നിന്നും താൽകാലികമായി ഒഴിവാക്കുന്നതിനാണ് I-18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതെന്നും റവന്യൂറിക്കവറി സ്വീകരിച്ച് തുകകൾ ലഭിക്കുന്നപക്ഷം prior period item-ൽ വരവായി ഉൾപ്പെടുത്തുമെന്നാണ് അറിയിച്ചിട്ടുള്ളത്. മേൽ മറുപടി അംഗീകരിക്കാവുന്നതല്ല. ഗ്രാമപഞ്ചായത്തിന് വസ്തുനികുതി ഇനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകകളും വാർഷിക ധനകാര്യ പത്രികയിലെ ബാലൻസ് ഷീറ്റിൽ പ്രതിഫലിപ്പിക്കേണ്ടതും സ്വീകരിക്കുന്ന നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

# 1-19 വിമുക്ത ഭടൻമാർക്ക് വസ്തു നികുതി ഒഴിവാക്കുന്നതിൽ അപാകത

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ ഇളവിന് അർഹരായവരുടെ പ്രത്യേക രജിസ്റ്റർ ഗ്രാമപഞ്ചായത്തിൽ സൂക്ഷിക്കേണ്ടതും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ 2018-19 വർഷം അപേക്ഷയോ

,സാക്ഷ്യപത്രമോ സമർപ്പിക്കാത്ത താഴെപ്പറയുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര്, വിലാസം |
|---|---|---|
| 1 | XIV/283 | ജി.അശോകൻ, അശോക് വിലാസം, മേൽ വെട്ടൂർ |
| 2 | IX/176 | സജീവൻ നായർ , ശ്രീ ശൈലം, താന്നിമൂട് |
| 3 | VI/83 | ശിവകുമാർ, ശ്രീ ലക്ഷ്മി, പാലച്ചിറ |
| 4 | VII/19 | റജില വിജയൻ, അനക്ഷ , ചെറുന്നിയൂർ |
| 5 | VII/148 | സരസമ്മ, ഗോപ സരസ്, ചെറുന്നിയൂർ |
| 6 | VII/256 | ഗോപാലപിള്ള, വിളയിൽ വീട് , ചെറുന്നിയൂർ |
| 7 | VIII/222 | എ.നളിനാക്ഷി, കുഴിവിള വീട്, മുടിയക്കോട് |
| 8 | VIII/321 | ശിവൻകുട്ടി, ശ്രീകൃഷ്ണ നിവാസ് , ചെറുന്നിയൂർ |
| 9 | IX/68 | കെ.പി ഗോവിന്ദൻനായർ, വിജയ മന്ദിരം, ചെറുന്നിയൂർ |
| 10 | IX/111 | ഉണ്ണി, കോന്തൻ വിളാകം, ചെറുന്നിയൂർ |
| 11 | X/8 | സെബ്രിൻ പെരേര, കാട്ടുവിള വീട്, മുടിയക്കോട് |
| 12 | XI/194 | എസ്.കൃഷ്ണൻ വിളയിൽ വീട് |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.38/28.09.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുന്നവരുടെ അർഹത പരിശോധിച്ച് ഇളവിന് അർഹതയുള്ളവരുടെ രേഖകൾ വാങ്ങി സൂക്ഷിക്കാനും രജിസ്റ്ററിൽ ആവശ്യമായ രേഖപ്പെടുത്തൽ വരുത്താനും ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-20 മൊബൈൽ ടവറിന്റെ വസ്തു നികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്തുള്ള താഴെപ്പറയുന്ന മൊബൈൽ ടവറിൽ നിന്നും വസ്തുനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | ടവറിന്റെ വിവരം/കെട്ടിട നം | വിസ്തീർണം | വർഷം | വസ്തു നികുതി | ലൈബ്രറി സെസ് | സർചാർജ്ജ് | ആകെ |
|---|---|---|---|---|---|---|---|
| 1 | വൊഡാഫോൺ എസ്സാർ സെല്ലുലാർ 2/1UA | 62.4 $m^2$ | 2013-14 | 74880 | 3744 | - | 78624 |
| | | | 2014-15 | 74880 | 3744 | - | 78624 |
| | | | 2015-16 | 74880 | 3744 | - | 78624 |
| | | | 2016-17 | 74880 | 3744 | - | 78624 |
| | | | 2017- | 74880 | 3744 | - | 78624 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | 18 | | | | |
| | | | 2018-19 | 74880 | 3744 | - | 78624 |
| | | | **ആകെ** | **449280** | **22464** | **-** | **471744/-** |
| 2 | ബി.എസ്.എൻ.എൽ 12/155 | 16.75 $m^2$ | 2011-12 | 648 | 32 | 216 | 896 |
| | | | 2012-13 | 648 | 32 | 216 | 896 |
| | | | 2013-14 | 9213 | 461 | 0 | 9674 |
| | | | 2014-15 | 9213 | 461 | 0 | 9674 |
| | | | 2015-16 | 9213 | 461 | 0 | 9674 |
| | | | 2016-17 | 9213 | 461 | 0 | 9674 |
| | | | 2017-18 | 9213 | 461 | 0 | 9674 |
| | | | 2018-19 | 9213 | 461 | 0 | 9674 |
| | | | **ആകെ** | **56574** | **2830** | **432** | **59836** |
| 3 | ബി.എസ്.എൻ.എൽ 12/155A | 30.68$m^2$ | 2010-11 | 648 | 33 | 216 | 897 |
| | | | 2011-12 | 648 | 33 | 216 | 897 |
| | | | 2012-13 | 648 | 33 | 216 | 897 |
| | | | 2013-14 | 16874 | 844 | 0 | 17718 |
| | | | 2014-15 | 16874 | 844 | 0 | 17718 |
| | | | 2015-16 | 16874 | 844 | 0 | 17718 |
| | | | 2016-17 | 16874 | 844 | 0 | 17718 |
| | | | 2017-18 | 16874 | 844 | 0 | 17718 |
| | | | 2018-19 | 16874 | 844 | 0 | 17718 |
| | | | **ആകെ** | **103188** | **5163** | **648** | **108999** |
| 4 | ഡിഷ്നെറ്റ്,ഗീതാഞ്ജലി ബിൽഡിംഗ് | 63.4 $m^2$ | 2011-12 | 324 | 16 | 108 | 448 |
| | | | 2012- | 324 | 16 | 108 | 448 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | 14/75 | | 13 | | | | | |
| | | | 2013-14 | 25360 | 1268 | 0 | 26628 |
| | | | 2014-15 | 25360 | 1268 | 0 | 26628 |
| | | | 2015-16 | 25360 | 1268 | 0 | 26628 |
| | | | 2016-17 | 25360 | 1268 | 0 | 26628 |
| | | | 2017-18 | 25360 | 1268 | 0 | 26628 |
| | | | 2018-19 | 25360 | 1268 | 0 | 26628 |
| | | | **ആകെ** | **152808** | **7640** | **216** | **160664** |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം (നം.05/18.09.19)-ന് നൽകിയ മറുപടിയിൽ വസ്തു നികുതി ഈടാക്കാൻ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചതായി അറിയിച്ചിട്ടുണ്ട്. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ ശ്രദ്ധ പുലർത്തേണ്ടതും ആവശ്യമായ തുടർ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-21 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു.

1994 ലെ കേരള പഞ്ചായത്ത്‌രാജ് നിയമം വകുപ്പ് 266,1999ലെ കേരള പഞ്ചായത്ത്‌രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ, ചട്ടം 3(1) പ്രകാരം രജിസ്ട്രേഷൻ ഇല്ലാതെ പഞ്ചായത്ത് പരിധിക്കുള്ളിൽ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പ്രവർത്തിക്കാൻ പാടില്ല. ഒരു സ്ഥാപനം പ്രവർത്തിക്കുന്നതിന് മുൻപുതന്നെ രജിസ്ട്രേഷനുള്ള അപേക്ഷയും ചട്ടം 3(2) പ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും പഞ്ചായത്തിൽ ഒടുക്കേണ്ടതും, ചട്ടം 3(3)പ്രകാരം പഞ്ചായത്ത് ഉദ്യോഗസ്ഥർ കെട്ടിടത്തിന്റെ സൗകര്യങ്ങൾ പരിശോധിച്ച് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെയാണ് പ്രവർത്തിച്ച് വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.13/18.09.19ന് ലഭിച്ച മറുപടിയിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്ന ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ എടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത്തരത്തിലുള്ള ചട്ട ലംഘനം റിപ്പോർട്ട് ചെയ്യുന്നതിനും തടയുന്നതിനുമുള്ള സംവിധാനമൊരുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-22 വളർത്തുനായകൾക്ക് ലൈസൻസ് നൽകുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 254 , കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും

പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം പഞ്ചായത്തിൽ നിന്നും ലഭിക്കുന്ന ലൈസൻസ് കൂടാതെ യാതൊരാളും നായ്ക്കളെ വളർത്താൻ പാടില്ല. 2018-19 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ 1200 വളർത്തുനായ്ക്കൾ ഉള്ളതായും 750 എണ്ണത്തിന് ലൈസൻസ് ഉള്ളതായും രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 30 നായ്ക്കൾക്ക് മാത്രമാണ് 2018-19 വർഷത്തേയ്ക്ക് ലൈസൻസ് നൽകിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ 25/27.09.2019-ന് ലഭ്യമാക്കിയ മറുപടിയിൽ ലൈസൻസ് നൽകുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിനായി പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതാണ്.

## 1-23 പെൻഷൻ കോൺട്രിബ്യൂഷൻ ഒടുക്കിയിട്ടില്ല

സർക്കാർ ഉത്തരവ് നം.07/2016/ഫിൻ 20.01.2016 പ്രകാരം 01.04.2013-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക അനുവദിക്കുമ്പോൾ കുടിശ്ശികയുൾപ്പെട്ട അടിസ്ഥാന ശമ്പള കുടിശ്ശികയ്ക്ക് ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 01.04.2013-ന് മുൻപ് സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ശമ്പള പരിഷ്കരണ കുടിശ്ശിക മൂന്ന്, നാല് ഗഡുക്കൾ അനുവദിച്ചപ്പോൾ ആനുപാതികമായ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടില്ല. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | തസ്തിക | ഒന്നാം ഗഡു | വൗച്ചർ നം തീ | രണ്ടാം ഗഡു | വൗച്ചർ നം തീ |
|---|---|---|---|---|---|---|
| 1 | ശ്രീകുമാരി | എച്ച്.സി | 16862 | 21800117 , തീ 25/05/2018 | 16861 | 21800573/2018, തീ 11/10/2018 |
| 2 | ജുഗുനു.എം | സീ.ക്ലർക്ക് | 14747 | 21800117, തീ 25/05/2019 | 14746 | 21800573/2018, തീ 11/10/2018 |
| 3 | രഘുനാഥൻ | അസി.സെക്രട്ടറി | 26783 | 21800117, തീ 25/05/2019 | 26781 | 21800573/2018, തീ 11/10/2018 |
| 4 | അഭയൻ | സീ.ക്ലർക്ക് | 13899 | 21800117, തീ 25/05/2019 | 13897 | 21800573/2018, തീ 11/10/2018 |
| 5 | മിനിമോൾ | സീനി.ക്ലർക്ക് | 14102 | 21800117, തീ 25/05/2019 | 14100 | 21800573/2018, തീ 11/10/2018 |
| 6 | പ്രതീഷ് | .ക്ലർക്ക് | 11058 | 21800117, തീ | 11059 | 21800573/2018, തീ 03/10/2018 |

| | | | | | | |
|---|---|---|---|---|---|---|
| | | | | 25/05/2019 | | |
| 7 | നാസർ | ഹെഡ്.ക്ലർക്ക് | 15610 | 21800118, തീ 25/05/2019 | 15610 | 21800533/2018, തീ 11/10/2018 |
| 8 | സോഫിയ | ഹെഡ് ക്ലർക്ക് | 1828 | 21800446, തീ 04/09/2019 | 1826 | 21800573/2018, തീ 11/10/2018 |
| 9 | ജയശ്രീ | സെക്രട്ടറി | 42299 | 858, തീ 16/01//2019 | 42298 | 859, തീ 16/01/19 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 07/18.09.2019 ന് ലഭിച്ച മറുപടിയിൽ തുക പെൻഷൻ ഫണ്ടിലേയ്ക്ക് ഒടുക്കുവരുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട്. അടിസ്ഥാന ശമ്പള കുടിശ്ശികയ്ക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ സമയബന്ധിതമായി ഒടുക്ക് വരുത്താൻ ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-24 ടെണ്ടർ നടപടികളിലെ സുതാര്യത ഇല്ലായ്മ - കൂടിയ നിരക്ക് രേഖപ്പെടുത്തിയ കരാറുകാരന് പർച്ചെയ്സ് ഓർഡർ നൽകി

**പ്രോജക്ടിന്റെ പേര് – എസ് സി പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് ലാപ്പ്ടോപ്പ് വാങ്ങൽ**

പ്രോജക്ട് നമ്പർ SO019/19

നിർവഹണം ഹെഡ് മാസ്റ്റർ, ഗവ. എൽ പി എസ്, ചെറുന്നിയൂർ

വകയിരുത്തൽ 210000 (വികസന ഫണ്ട് )

ചെലവ് 191590/-രൂപ ( ബിൽ നം 4/29-8-2018)

ഗ്രാമപഞ്ചായത്തിലെ പ്രൊഫഷണൽ/ പോസ്റ്റ് ഗ്രാജുവേഷൻ/ കമ്പ്യൂട്ടർ അധിഷ്ഠിത വിദ്യാഭ്യാസം/ പോളിടെക്നിക് പഠനം ചെയ്യുന്ന എസ് സി വിദ്യാർത്ഥികൾക്ക് സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ലാപ്പ്ടോപ്പ് വാങ്ങി നൽകുന്നതിനായി നടപ്പിലാക്കിയതാണ് പദ്ധതി. പ്രസ്തുത പദ്ധതിയിലെ ടെണ്ടർ നടപടിയിൽ പങ്കെടുത്ത 6 ഏജൻസികളിൽ ടെണ്ടർ സ്പെസിഫിക്കേഷനിലെ സൂചകങ്ങൾക്കനുസൃതമായി ക്വോട്ട് ചെയ്ത ഹൈപ്പർടെക് സിസ്റ്റംസ്, കൊല്ലം എന്ന സ്ഥാപനത്തിൽ നിന്നുമാണ് 27370/-രൂപ നിരക്കിൽ 7 ലാപ്പ്ടോപ്പുകൾ വാങ്ങിയത്.

ടെണ്ടർ സ്പെസിഫിക്കേഷൻ പ്രകാരം ബാപ്കോ സ്പെസിഫിക്കേഷനുള്ള, പവർ സി എം എസ് ടെക്നോളജി (25000/-രൂപ) , മോംഗർബോക്സ് ടെയ്സ് പ്രൈവറ്റ് ലിമിറ്റഡ് (25400/-രൂപ) എന്നിവർ സമർപ്പിച്ച കുറഞ്ഞ

നിരക്കിലുള്ള ടെണ്ടറുകൾ നിരസിച്ച് കൂടിയ നിരക്ക് ( 27370/-രൂപ ) ക്വോട്ട് ചെയ്ത സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിച്ചതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/19-09-19) ന് മറുപടി ലഭ്യമാക്കിയില്ല. പവർ സിഎംഎസ് ടെക്നോളജി സമർപ്പിച്ച 25,000/- രൂപയുടെ ടെണ്ടർ അംഗീകരിച്ചിരുന്നെങ്കിൽ പ്രസ്തുത വാങ്ങലിൽ 16,590/- രൂപയുടെ (2370x7) അധിക ചെലവ് ഉണ്ടാകുമായിരുന്നില്ല. നഷ്ടോത്തരവാദികളിൽ നിന്നും ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്. 2013 സ്റ്റോർ പർച്ചെയ്സ് മാനവലിൽ ഖണ്ഡിക 9.46-ൽ അനുശാസിക്കും പ്രകാരം ഏറ്റവും കുറഞ്ഞ നിരക്ക് ന്യായമാണെന്ന് കരാറിൽ ഏർപ്പെടുത്തുന്നതിനു മുൻപ് ഉറപ്പുവരുത്തേണ്ടതാണ്.

## 1-25 ധനവിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2018-19 ൽ സെക്രട്ടറി, അസി.എഞ്ചിനീയർ എന്നിവർ നിർവഹണം നടത്തിയ ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ നിർവഹണവുമായി ബന്ധപ്പെട്ട ധനവിനിയോഗസർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | ബിൽ തുക | ബിൽ നം/ തീയതി | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (SO33/19) | 247353 | 60/21-3-19 | വാട്ടർ അതോറിറ്റി | |
| 2 | ഐ കെ എം വിഹിതം (SO03/18) | 50000 | 10/13-6-18 | ഐ കെ എം | |
| 3 | സാമൂഹ്യ സുരക്ഷാ മിഷന് വിഹിതം നൽകൽ So006/19 | 100000 | 9/13-6-18 | സാമൂഹ്യ സുരക്ഷാ മിഷൻ | |
| 4 | 36-ാം നമ്പർ അംഗൻവാടി കുഴൽ കിണർ നിർമ്മാണം (SO175/19) | 76180 | 29/25.02.2019 | ഭൂജല വകുപ്പ് | |

വിനിയോഗസർട്ടിഫിക്കറ്റ് ഹാജരാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/24-9-2019) അവ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-26 ഡെപ്പോസിറ്റ് വർക്ക് - വാട്ടർ അതോറിറ്റിയിൽ നിലനിൽക്കുന്ന ബാലൻസ് തുക തിരികെ ഈടാക്കണം.

ചുവടെ ചേർക്കുന്ന ഡെപ്പോസിറ്റ് വർക്കുകളുടെ വിനിയോഗവുമായി ബന്ധപ്പെട്ട് വാട്ടർ അതോറിറ്റിയിൽ

നിലനിൽക്കുന്ന തുകകൾ തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

| ക്രമ നം | പ്രോജക്റ്റ് പേര്, നമ്പർ | ബിൽ തുക | ബിൽ നം/ തീയതി | ഡെപ്പോസിറ്റ് സ്വീകരിച്ച സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ -സ്പിൽ ഓവർ (SO129/19) | 972779 | 66/25.05.2018 | എക്സി.എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ | 775458/-രൂപ മാത്രമേ ചെലവായുള്ളൂ. ബാക്കി 197321/-രൂപ വാട്ടർ അതോറിറ്റിയുടെ പക്കൽ ഉണ്ട്. |
| 2 | 38 ാം നമ്പർ അംഗനവാടി കുഴൽകിണർ നിർമാണം(SO 32/19 | 24900 | 13/13-6-18 | എക്സി.എഞ്ചിനീയർ, വാട്ടർ അതോറിറ്റി, ആറ്റിങ്ങൽ | 20105/-രൂപ മാത്രമേ ചെലവായുള്ളൂ. ബാക്കി 4795/-രൂപ വാട്ടർ അതോറിറ്റിയുടെ പക്കൽ ഉണ്ട്. |

## 1-27 കറവ പശു വാങ്ങൽ പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ – S0102/2019

പ്രോജക്റ്റ് പേര്, കറവയുള്ള പശു -എസ് സി പി

നിർവഹണം - വെറ്റിനറി സർജൻ

വകയിരുത്തൽ 500000 (250000/-രൂപ വികസന ഫണ്ട്, 250000/-രൂപ ബാങ്ക് വായ്പ)

ചെലവ് 250000/-രൂപ ( ബിൽ നം 5/8-11-2018)

എസ്.സി വിഭാഗത്തിൽപ്പെട്ട 10 ഗുണഭോക്താക്കൾക്ക് പശുക്കളെ വാങ്ങി നൽകുന്നതിനുവേണ്ടി നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിൽ ഉണ്ടായ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വായ്പാ പദ്ധതി നടപ്പിലാക്കുമ്പോൾ പദ്ധതിക്ക് വായ്പാ സാദ്ധ്യതകളെ സംബന്ധിച്ച ലഘുവിവരണം തയ്യാറാക്കണം. തുടർന്ന് ബാങ്കുകളും ധനകാര്യസ്ഥാപനങ്ങളുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ വായ്പാ ബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതികളുടെ പട്ടികയും തയ്യാറാക്കി ഉൾപ്പെടുത്തേണ്ടതുണ്ട്. ഇത് നടപ്പിലാക്കിയ രേഖകൾ ഹാജരാക്കിയില്ല.

2. ബാങ്ക് വായ്പ അനുവദിക്കുന്ന മുറയ്ക്ക് സബ്സിഡി അനുവദിക്കേണ്ടതാണെങ്കിലും ബാങ്ക് വായ്പ അനുവദിച്ചത് സംബന്ധിച്ച് ഉള്ള രേഖകൾ ഹാജരാക്കിയില്ല.

3.പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. പശുവിനെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

4. കറവപശുവിന്റെ പ്രായം, ഗുണമേന്മ ഇവ ഉറപ്പാക്കിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

5. പ്രസ്തുത പദ്ധതി പ്രകാരം ആനുകൂല്യം ലഭിച്ചിട്ടുള്ള ഗുണഭോക്താക്കൾക്ക് എസ് സി വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്നതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല.

6. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 29/27-09-2019) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവ് തുകയായ 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു.

## 1-28 മുട്ടക്കോഴിയും കൂടും വിതരണം (ജനറൽ, എസ് സി പി) - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല – ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തൽ | ചെലവ് ( ബിൽ നം/ തീയതി) |
|---|---|---|---|
| 1 | മുട്ടക്കോഴിയും കൂട്ടും വിതരണം - ജനറൽ (SO 83/19) | 350000 (112500/-രൂപ വികസന ഫണ്ട്, 237500/-രൂപ ഗുണഭോക്തൃവിഹിതം) | 112500/-രൂപ<br>(1.ബിൽ നം.10/20-11-18, തുക 90000/-രൂപ<br>2.ബിൽ നം.14/29-12-18, തുക 22500/-രൂപ) |
| 2 | മുട്ടക്കോഴിയും കൂട്ടും വിതരണം - ജനറൽ (SO 82/19) | 875000(250000/-രൂപ വികസന ഫണ്ട്, 625000/-രൂപ ഗുണഭോക്തൃവിഹിതം) | 248500/-രൂപ<br>(1.ബിൽ നം.11/12.12.18, തുക 213000/- രൂപ<br>2.ബിൽ നം.13/6-1-19, തുക 35500/-രൂപ) |

100/-രൂപ വിലയുള്ള 10 കോഴി കുഞ്ഞുങ്ങൾ വീതമുള്ള 125 യൂണിറ്റും (50% സബ്സിഡി നിരക്കിൽ) കൂട്ടും വാങ്ങി നൽകുന്നതിന് (കൂടിന്റെ ചെലവ് 6000/-രൂപയിൽ 1500/-രൂപ സബ്സിഡി നൽകുന്നു) ക്രമ നം. 1 പ്രകാരമുള്ള പ്രോജക്ടും 100/-രൂപ വിലയുള്ള 10 കോഴി കുഞ്ഞുങ്ങൾ വീതമുള്ള 50 യൂണിറ്റും (75% സബ്സിഡി നിരക്കിൽ) കൂട്ടും വാങ്ങി നൽകുന്നതിന് (കൂടിന്റെ ചെലവ് 6000/-രൂപയിൽ 1500/-രൂപ സബ്സിഡി നൽകുന്നു) ക്രമ നം. 2 പ്രകാരമുള്ള പ്രോജക്ടും വെറ്റിനറി സർജന്റെ നിർവഹണത്തിൽ നടപ്പിലാക്കി.

പദ്ധതി നടത്തിപ്പിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1.വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ അദ്ധ്യക്ഷനായും വെറ്ററിനറി സർജൻ കൺവീനറായും ഗുണഭോക്താക്കളിൽ നിന്ന് 5 പേർ അംഗങ്ങളായുള്ള കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് മുട്ടക്കോഴി കുഞ്ഞുങ്ങളെ വാങ്ങേണ്ടതെന്നും ആയത് പ്രൊക്യുയർമെന്റ് കമ്മിറ്റി അംഗീകാരം നൽകേണ്ടതാണെന്നും (ജി.ഒ.എം.എസ്.നം.22/18 തസ്വഭവ തീ.14-2-2018 ഖണ്ഡിക 6.2 കുറിപ്പ് 2) വ്യക്തമാക്കിയിട്ടുണ്ട്. പ്രൊക്യുയർമെന്റ് കമ്മിറ്റി മിനിട്ട്സ് പരിശോധിച്ചതിൽ 2017-2018 സാമ്പത്തിക വർഷത്തിൽ രണ്ട് തവണ മാത്രമേ യോഗം ചേർന്നിട്ടുള്ളൂ. ആയതിൽ ഈ പദ്ധതി സംബന്ധിച്ച് യാതൊരു തീരുമാനവും എടുത്തിട്ടില്ല.

2.തദ്ദേശസ്ഥാപനങ്ങളുടെ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിന് 8.11.2010ലെ ജി.ഒ(പി)29/10 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരമുള്ള പ്രൊക്യുയർമെന്റ് മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടേണ്ടതുണ്ട്. എന്നാൽ മേൽ പദ്ധതിയിൽ മുട്ടക്കോഴികളെ ജോജി എഗ്ഗർ നഴ്സറിയിൽ നിന്നും കോഴിക്കൂടുകൾ സ്റ്റാർ എഞ്ചിനീയറിംഗ് വർക്സിൽ നിന്നും വാങ്ങിയതിന് പ്രസ്തുത ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം വ്യക്തമാക്കിയിട്ടില്ല.

3.ശാസ്ത്രീയമായി തയ്യാറാക്കിയിട്ടുള്ള ഹൈഡെൻസിറ്റി ഫ്രെയിം ഉപയോഗിച്ചുള്ള കോഴിക്കൂടാണ് വാങ്ങിയിട്ടുള്ളത് എന്നതിന് നിർവഹണഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. കൂടിന്റെ വാല്യുവേഷൻ എഞ്ചിനീയർ എടുക്കേണ്ടതാണെങ്കിലും വാല്യുവേഷൻ എടുത്തിട്ടില്ല.

4.കോഴിക്കൂടിന്റെ വിലയുടെ സബ്സിഡി 25% ൽ നിന്നും 50% വർദ്ധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കൂടിന്റെ വിലയുടെ 50% സബ്സിഡി ഗുണഭോക്താക്കൾക്ക് ലഭിച്ചിട്ടുണ്ട്. ആയതിൻമേലുള്ള റിവൈസ്ഡ് പ്രോജക്ടിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഇവ ലഭ്യമാക്കിയിട്ടില്ല.

5. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 30/27-09-2019) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം. 1, 2 പ്രോജക്ട് പ്രകാരമുള്ള ചെലവ് തുകയായ3,61,000/-രൂപ ( 112500/-രൂപ +248500/-രൂപ) തടസ്സപ്പെടുത്തുന്നു.

# 1-29 കിടാരി വളർത്തൽ/ പെണ്ണാട് പദ്ധതി - അനുബന്ധ രേഖകൾ ഹാജരാക്കിയില്ല -ചെലവ് തടസ്സപ്പെടുത്തുന്നു.

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തൽ | ചെലവ് ( ബിൽ നം/തീയതി) |
|---|---|---|---|
| 1 | കിടാരി വളർത്തൽ (SO100 /19) – ജനറൽ | 224000(112000/-രൂപ വികസന ഫണ്ട്, 112000/-രൂപ ഗുണഭോക്തൃവിഹിതം) | ബിൽ നം.17/21-01-19 തുക 112000 |
| 2 | കിടാരി വളർത്തൽ (SO101 | 224000(140000/-രൂപ വികസന ഫണ്ട്, | ബിൽ നം.18/21-01-19 |

| | | | |
|---|---|---|---|
| | /19) - എസ് സി പി | 84000/-രൂപ ഗുണഭോക്തൃവിഹിതം) | തുക 140000 |
| 3 | പെണ്ണാട് വളർത്തൽ - എസ് സി പി ( SO 103/19) | 300000 (150000/-രൂപ വികസന ഫണ്ട്, 150000/-രൂപ ഗുണഭോക്തൃവിഹിതം) | 1. ബിൽ നം.6/24-11-18 തുക 120000<br>2. ബിൽ നം.12/18-2-18<br>തുക 30000 |
| 4 | പെണ്ണാട് വളർത്തൽ - എസ് സി പി - ( 169/19) സ്പിൽ ഓവർ | 188000 (60000/-രൂപ വികസന ഫണ്ട്, 128000/-രൂപ ഗുണഭോക്തൃവിഹിതം) | ബിൽ നം. 1/21-5-18, തുക 60000/-രൂപ |

വെറ്റിനറി സർജൻ നിർവ്വഹണം നടത്തിയ കിടാരി വളർത്തൽ /പെണ്ണാട് വളർത്തൽ പദ്ധതികളുടെ പരിശോധനയിൽ ചുവടെ ചേർക്കുന്ന അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1. പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചല്ല വാങ്ങൽ നടത്തിയിരിക്കുന്നത്.

2. കിടാരികളുടെ പ്രായം, ഗുണമേന്മ ഇവ ഉറപ്പാക്കിയിട്ടില്ല.

3. കിടാരികളെ ഇൻഷ്വർ ചെയ്തിട്ടില്ല.

4. ഗുണഭോക്താക്കൾ കിടാരികളെ കൈപ്പറ്റിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല.

5. പല എഗ്രിമെന്റിലും വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

6. ക്രമ നം. 4 ൽ ഗുണഭോക്തൃവിഹിതം ചെലവഴിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. മോണിട്ടറിംഗ് റിപ്പോർട്ട് ഹാജരാക്കിയിട്ടില്ല.

പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 33/27-09-2019) മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ക്രമ നം. 1, 2, 3, 4 പ്രോജക്ട് പ്രകാരമുള്ള ചെലവ് തുകയായ 4,62,000/-രൂപ (112000/- +140000/-+150000/-+60000/-) തടസ്സപ്പെടുത്തുന്നു.

## 1-30 കന്നുകുട്ടി പരിപാലനം - മാർഗരേഖയിലെ വ്യവസ്ഥ പാലിച്ചില്ല

| ക്രമ നം | പ്രോജക്ട് പേര്, നമ്പർ | വകയിരുത്തൽ | ചെലവ് ( ബിൽ നം/ തീയതി) |
|---|---|---|---|
| 1 | കന്നുകുട്ടി പരിപാലനം - ജനറൽ (SO078/19) | 750000 (187500/-രൂപ വികസന ഫണ്ട്, 187500/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്, 375000/-രൂപ ഗുണഭോക്തൃവിഹിതം) | 187500/-രൂപ |

| | | | |
|---|---|---|---|
| | | | ബിൽ നം.20/30-1-19 |
| 2 | കന്നുകുട്ടി പരിപാലനം - എസ് സി പി (SOO 79/19) | 375000(93750/-രൂപ വികസന ഫണ്ട്, 93750/-രൂപ സംസ്ഥാനാവിഷ്കൃത ഫണ്ട്, ഗുണഭോക്തൃവിഹിതം 187500) | 93750/-രൂപ (ബിൽ നം.19/30-01-19 ) |

ക്രമ നം. 1 ലെ പ്രോജക്ട് പ്രകാരം 30 കന്നുകുട്ടികൾക്കും ക്രമ നം.2 ലെ പ്രോജക്ട് പ്രകാരം 15 കന്നുകുട്ടികൾക്കും കാലിത്തീറ്റ നൽകുന്നത് വഴി കാലികളുടെ ഉൽപ്പാദനക്ഷമത വർദ്ധിക്കുന്നതിനുവേണ്ടി വെറ്റിനറി സർജന്റെ നിർവഹണത്തിൽ ആവിഷ്കരിച്ചതാണ് പദ്ധതികൾ. 6250/- രൂപ വികസന ഫണ്ടും 6250/-രൂപ സംസ്ഥാന ഫണ്ടും 12500/-രൂപ ഗുണഭോക്തൃവിഹിതവും(നേരിട്ട് ചെലവഴിക്കുന്നത്) ചേർത്ത് ഒരു യൂണിറ്റ് കോസ്റ്റിന് 25000/-രൂപയാണ് പ്രോജക്ടിൽ വകകൊള്ളിച്ചിരിക്കുന്നത്. എന്നാൽ വികസനഫണ്ടിൽ വകകൊള്ളിച്ച തുക മാത്രം വിനിയോഗിച്ചാണ്(ഓരോ കന്നുകുട്ടിക്കും 6250/- രൂപ വീതം)പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്.

സബ്സിഡി മാർഗരേഖ (ജി.ഒ.എം.എസ്.നം.22/18 തസ്വഭവ തീ.14-2-2018 ഖണ്ഡിക6.2പ്രകാരം സംസ്ഥാന വിഹിതം ലഭ്യമല്ലെങ്കിൽ അതും തദ്ദേശസ്വയംഭരണസ്ഥാപനം നൽകണം എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആറു മാസം മുതൽ 36 മാസം വരെയുള്ള കന്നുകുട്ടികളുടെ പരിപാലനത്തിനായാണ് പദ്ധതിയുടെ പ്രയോജനം ലഭ്യമാകുന്നതിനാൽ ലഭ്യമല്ലാത്ത സംസ്ഥാനവിഹിതം കൂടി ത.സ്വ.ഭ സ്ഥാപനം വകയിരുത്തിയാൽ മാത്രമേ യൂണിറ്റ് കോസ്റ്റായ 25000/-രൂപയും വിനിയോഗിച്ച് കാലികളുടെ ഉൽപ്പാദന ക്ഷമത വർദ്ധിപ്പിക്കുക എന്ന പ്രോജക്ട് ലക്ഷ്യം കൈവരിക്കുകയുള്ളൂ. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/27-09-19) മറുപടി ലഭ്യമാക്കിയില്ല. മാർഗരേഖയിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് പദ്ധതി നിർവഹണം നടത്തേണ്ടതാണ്. ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

## 1-31 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ- 44,662/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല - തുക നിരാകരിക്കുന്നു.

പഞ്ചായത്ത് ഓഫീസ് ഗ്രൗണ്ട് ഫ്ലോർ ഇലക്ട്രിഫിക്കേഷൻ [പ്രോജക്ട് നം.So.166/19, 114/19] എന്ന പദ്ധതിക്കായി യഥാക്രമം 2,00,000/- രൂപ (വികസന ഫണ്ട്-പൊതുവിഹിതം), 50,000/- രൂപ (തനത്ഫണ്ട്), 7,00,000/- രൂപ (തനത്ഫണ്ട്) വകയിരുത്തുകയും ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുള്ളതുമാണ്.

| പ്രോജക്ട് നം | കോൺട്രാക്ടർ | ചെലവ് | ബിൽ നം./ ചെക്ക് നം. / തീയതി |
|---|---|---|---|
| 166/19 | വിജയൻ.എൽ | 2,00,000/- രൂപ | ബിൽ നം.1/18- |

| | | | |
|---|---|---|---|
| (ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഗ്രൗണ്ട് ഫ്ലോർ നവീകരണം) | | (വികസന ഫണ്ട്-പൊതുവിഹിതം) | 19 തീ.21.05.2018 |
| | | 9574/-രൂപ. (തനത്ഫണ്ട്) | ചെക്ക് നം. 1694849 തീ.21.05.2018 |
| | | | |
| 114/19 (പഞ്ചായത്ത് ഓഫീസ് നവീകരണവും റിക്കാർഡ് റൂം ഒരുക്കലും) | | 51494/- രൂപ (തനത്ഫണ്ട്) | ചെക്ക് നം. 124016 തീ.01.11.2018 |
| | | | ചെക്ക് നം. 59765 തീ.01.01.2019 |
| | | | ചെക്ക് നം. 330613 തീ.20.01.2019 |

മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും 44662/-രൂപ വിലപിടിപ്പുള്ള ഇനങ്ങൾ സ്ഥാപിച്ചിട്ടില്ലായെന്ന് 28.09.2019-ന് അസി.എഞ്ചിനീയറുമായി നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെട്ടിട്ടുണ്ട്. വിശദവിവരത്തിന് ഖണ്ഡിക 3-1 കാണുക.

## 1-32 കുഴൽ കിണറിന് തുക നൽകിയെങ്കിലും സ്ഥാപിച്ചിട്ടില്ല.

പ്രോജക്ട് നം 175/19 (35-ാം നമ്പർ അങ്കണവാടി കുഴൽക്കിണർ നിർമ്മാണം) പ്രകാരം വികസനഫണ്ട്-പൊതുവിഭാഗം-ൽ നിന്ന് 1,00,000/- രൂപ വകയിരുത്തുകയും 76,180/- രൂപ ബിൽ നം.29/18-19 തീ.25.02.2019 പ്രകാരം ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിന് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ സ്ഥാപനത്തിൽ നാളിതുവരെ കുഴൽക്കിണർ സ്ഥാപിച്ചിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.21/25.09.2019) അസി.എഞ്ചിനീയർ നൽകിയ മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതിന് 'റിമൈന്റർ' നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. 15.05.2019 ൽ GE/AE/LSGD/CR/19 നമ്പരായി ഭൂജല വകുപ്പിന് നൽകിയ കത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

> 2018-19 സാമ്പത്തിക പദ്ധതിയിലുൾപ്പെട്ട 35-ാം നം. അങ്കണവാടി കുഴൽക്കിണർ നിർമ്മാണം എന്ന പ്രവൃത്തിക്ക് 76180/- രൂപ 7010414000000049 എന്ന അക്കൗണ്ട് നമ്പറിലേക്ക് നിക്ഷേപിച്ചിട്ടുള്ളതും ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകാതിരിക്കാൻ ഫയലിൽ സൂക്ഷിക്കുന്നതിന് ധനവിനിയോഗ സാക്ഷ്യപത്രം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പദ്ധതി പൂർത്തീകരിക്കുകയെന്നതിനെക്കാളും വിനിയോഗ സാക്ഷ്യപത്രം മാത്രമാണ് ആവശ്യമെന്ന തരത്തിലുള്ള നിർവ്വഹണോദ്യോഗസ്ഥയുടെ കത്തിന്റെ പരാമർശം അനുചിതമാണ്.

ഗ്രാമസഭകളിലും വർക്കിംഗ് ഗ്രൂപ്പുകളിലും യഥാവിധി ആവശ്യങ്ങളും വിഷയങ്ങളും അവതരിപ്പിക്കാത്തതിനാലും കൃത്യമായ മോണിറ്ററിംഗ് ഇല്ലാത്തതും പദ്ധതി ഇപ്രകാരം നടപ്പിലാക്കാനാകാതെ പോകുന്നതിന് കാരണമാകുന്നതായി വിലയിരുത്തുന്നു. പൂർത്തീകരണ/മൂല്യനിർണ്ണയ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

# 1-33 പൂർത്തീകരിച്ച പദ്ധതിക്കും റിവിഷൻ

പി.എച്ച്.സി ലാബിന് അടിസ്ഥാന സൗകര്യമൊരുക്കൽ (പ്രോജക്ട് നം. SO.165/19) എന്ന പദ്ധതിക്കായി 22.10.2018-ന് 1,00,000/- രൂപ വർക്കല ബ്ലോക്ക് പഞ്ചായത്ത് ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ളതാണ് (A/c നം. 67000596208). ആയതിൽ ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുള്ളതുമാണ്.

കോൺട്രാക്ടർക്ക് ( ശ്രീ. പ്രസന്നൻ, ലത നിവാസ്, നവടശ്ശേരിക്കോണം)- 97877/- രൂ. (ചെക്ക് നം. 2549711/- തീ. 22.10.2018)

ഇൻകം ടാക്സ് - 999/- രൂ. (ചെക്ക് നം. 2549712/- തീ. 22.10.2018)

വെൽഫെയർ ഫണ്ട് - 989/- രൂ. (ചെക്ക് നം. 2549713/- തീ. 22.10.2018)

കളക്ഷൻ ചാർജ്ജ് (പഞ്ചായത്തിന്) - 10/- രൂ.

രേഖകൾ പ്രകാരം 06.04.2018 ന് പദ്ധതി പൂർത്തീകരിച്ചതായി അസി.എക്സി.എഞ്ചിനീയർ (വർക്കല ബ്ലോക്ക്) സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. (കത്ത് നം. W5/AEE/LSGD/VB/18-19) എന്നാൽ 16.08.2018-ന് പ്രവൃത്തി റിവൈസ് ചെയ്യുന്നതിന് അസി.എഞ്ചിനീയർ ഭരണസമിതിക്ക് കത്തു നൽകി. (കത്ത് നം. GE4/AE/LSGD/CR/18). ആയതിന്മേൽ 18.08.2018 ന് തീരുമാനം നം. 1(II) പ്രകാരം പദ്ധതി റിവൈസ് ചെയ്യുന്നതിന് കമ്മിറ്റി അനുവാദം നല്കി പ്രോജക്ട് പരിഷ്കരിച്ചു.

മേൽപ്പറഞ്ഞവ നിരീക്ഷിച്ചതിൽ, പൂർത്തീകരിച്ച പദ്ധതിക്ക് റിവിഷൻ അനുവദിച്ചതിൽ, കരാറുകാരൻ സ്വേച്ഛയാൽ പ്രവൃത്തി ചെയ്യുകയും ആയതിനനുസരിച്ച് പ്രോജക്ട് റിവൈസ് ചെയ്ത് തുക കൈമാറിയെന്നും വ്യക്തമാണ്. ഇത് ശരിയായ പ്രവണതയല്ല. ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥയും പദ്ധതി ആസൂത്രണത്തിലും നിർവ്വഹണത്തിലും ഗുരുതരമായ ജാഗ്രതക്കുറവ് കാണിക്കുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാണ്.

# 1-34 2016-17 ൽ ആരംഭിച്ച് സ്പിൽ ഓവറായ പദ്ധതികൾ 2018-

## 19 ലും നടപ്പാക്കിയില്ല.

2018-19 വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായി നടപ്പിലാക്കിയിട്ടുള്ളതാണ്. രേഖകൾ (2017-18 ലെ പ്രോജക്റ്റ് ഫയലുകൾ) പ്രകാരം പ്രസ്തുത പദ്ധതികൾ 2016-17 ൽ നടപ്പിലാക്കാനായി ആസൂത്രണം ചെയ്തിട്ടുള്ളവയാണ്. വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും (എൻക്വയറി നം.21/25.09.2019) ആയത് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | പ്രോജക്റ്റ് നം. | മുൻ പ്രോജക്റ്റ് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക/ ചെലവ് |
|---|---|---|---|---|
| 1 | 176/19 | 22/18 &58/17 | കട്ടിംഗ്- അകത്തുമുറി- തോപ്പിൽ കോളനി റോഡിൽ പഞ്ചുവിള തോപ്പിൽ ഭാഗത്ത് 2-ാംഘട്ട മെറ്റലിംഗ് പ്ലാസ്റ്റിക് ടാറിംഗും. (കരാറുകാരൻ- സനിൽ.ആർ) | 180000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) 174906/- (ബിൽ നം.6/18-19 തീ.16.08.2018) |
| 2 | 145/19 | 37/18 & 123/17 | കല്ലുമലക്കുന്ന് റയിൽവേ ലൈൻ റോഡ് സംരക്ഷണഭിത്തി (കരാറുകാരൻ- വിഷ്ണു.ബി.എച്ച്) | 3502223/- (വികസന ഫണ്ട്- എസ്.സി.പി) 342869/- (ബിൽ നം.3/18-19 തീ.21.05.2018) |
| 3 | 144/19 | 27/18 & 63/17 | മാത്തൻവിള ശ്രീനാരായണപുരം റോഡ് 2-ാംഘട്ട മെറ്റലിംഗ് & പ്ലാസ്റ്റിക് ടാറിംഗ് (കരാറുകാരൻ- ഹരിപ്രസാദ്) | 287000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) 212610/- (ബിൽ നം.2/18-19 തീ.21.05.2018) |
| 4 | 177/19 | 44/18 & 139/17 | വണ്ടിത്തടം റോഡ് പുനരുദ്ധാരണവും സംരക്ഷണവും (കരാറുകാരൻ- സനിൽ.ആർ) | 207500/- (ധനകാര്യ കമ്മീഷൻ അവാർഡ്) 203298/- (ബിൽ നം.4/18-19 തീ.21.05.2018) |

പദ്ധതിമാർഗ്ഗ രേഖ (ജി.ഒ(എം.എസ്)നം.72/2017/തസ്വഭവ തീയതി 29.03.2017, ഖ.6.8) പ്രകാരം പദ്ധതികൾ സ്പിൽ ഓവറാകുന്ന വർഷം തന്നെ പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലവിളംബം ഉണ്ടായിട്ടുള്ളതാണ്. ആയതിൽ വികസന സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും നിർവ്വഹണോദ്യോഗസ്ഥന്റെയും ശ്രദ്ധ അനിവാര്യമായിരുന്നുവെങ്കിലും ആയത് ഉണ്ടായിട്ടില്ലായെന്ന് വ്യക്തമാണ്. സർക്കാർ നിർദ്ദേശിക്കുന്ന മാർഗ്ഗരേഖകൾ കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

**<u>ആസൂത്രണമില്ലാതെ പദ്ധതികൾ – സ്പീൽ ഓവർ പദ്ധതികളും ഉപേക്ഷിക്കപ്പെടുന്നു</u>**.

ഗ്രാമപഞ്ചായത്തിൽ 2018-19 വർഷം ചുവടെ ചേർക്കുന്ന പ്രവൃത്തികൾ സ്പിൽ ഓവറായി ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും ചെലവ് രേഖകൾ പ്രകാരം പദ്ധതി നടപ്പിലാക്കിയിട്ടില്ലാത്തതായി കാണുന്നു. കൂടാതെ പദ്ധതികൾ 2019-20 ൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം. 16/19.09.2019) മറുപടി നല്കിയിട്ടില്ലാത്തതാണ്.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതിയുടെ പേര് | അടങ്കൽ തുക |
|---|---|---|---|
| 1 | 147/19 | മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ സെന്റർ നിർമ്മാണം | 562500/- (സംസ്ഥാനാവിഷ്കൃത ഫണ്ട്) |
| 2 | 148/19 | ചെറുന്നിയൂർ കാർഷിക ഉത്പാദന വിപണന സഹായകേന്ദ്രം നിർമ്മാണം | 1480375/- (കേന്ദ്രാവിഷ്കൃത ഫണ്ട്) 23000/- (തനത് ഫണ്ട്) |
| 3 | 154/19 | മണിമന്ദിരം പാലച്ചിറ റോഡ് റീടാറിംഗ് | 300000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| 4 | 155/19 | പാലച്ചിറ പള്ളിമുക്ക് കരിക്കോത്തിൽ എലാ റോഡ് റീടാറിംഗ് | 300000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) |
| 5 | 163/19 | ചാണിക്കട റേഷൻകട റോഡ് റീടാറിംഗ് സെക്കന്റ് സ്റ്റേജ് | 266000/- (മെയിന്റനൻസ് ഫണ്ട്-റോഡ്) |

**<u>നിരീക്ഷണം</u>**

പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിലും നടപ്പിലാക്കുന്നതിലും മോണിറ്ററിംഗ് ചെയ്യുന്നതിലും പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പ്, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, പഞ്ചായത്ത് ഭരണസമിതി എന്നിവർ ശ്രദ്ധ

പുലർത്തേണ്ടതാണ്.

## 1-35 കാർഷിക കർമ്മസേനയ്ക്ക് വണ്ടി വാങ്ങൽ- തുക ചെലവഴിച്ചതിന് സർക്കാർ അനുമതി വാങ്ങിയിട്ടില്ല.

പ്രോജക്ട് നം :SOO 92/19,ചെറുന്നിയൂർ കാർഷിക കർമ്മസേനയ്ക്ക് മൊബൈൽ വിപണി.

അടങ്കൽ തുക : 5,50000/-

ചെലവ് തുക : 5,50000/- വികസന ഫണ്ട് : 50,000/- ,

സ്റ്റേറ്റ് ഷെയർ :200000, ബ്ളോക്ക് പഞ്ചായത്ത്

ഷെയർ 250000 , ഗുണഭോക്തൃ വിഹിതം :50000

ബിൽ നം തീയതി :38/18-19, 50000/-( വികസന ഫണ്ട് )

ഗ്രാമപഞ്ചായത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ചെറുന്നിയൂർ കാർഷിക കർമ്മസേനയുടെ വിപണി മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കർഷകരിൽ നിന്നും പച്ചക്കറി സംഭരിക്കുന്നതിനും ആയത് പുറത്ത് വിപണനം ചെയ്യുന്നതിനുമായി ഒരു പിക് അപ് വാൻ വാങ്ങുന്നതിനാണ് പദ്ധതി രൂപീകരിച്ചത്.ആയതിൻ പ്രകാരം GEM Mahindra & Mahindra LTD Mumbai ൽ നിന്നും Bolero mini truck pick up van കൃഷി ഓഫീസറുടെ പേരിൽ വാങ്ങി. 4,98,761/- രൂപയാണ് വാഹനത്തിന്റെ വിലയെന്നിരിക്കെ 500000/- രൂപ Mahindra & Mahindra LTD ന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുണ്ട്.കൂടാതെ ജി എസ് റ്റി, ഇൻഷുറൻസ്, മറ്റ് ബോഡി വർക്കുകൾ എന്നിവയ്ക്കായി 50000/- രൂപ ചെലവഴിച്ചിട്ടുണ്ട്.

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരം കാർഷിക കർമ്മസേനയ്ക്ക് വാഹനം വാങ്ങുന്നതിന് നിലവിൽ സർക്കാർ നിർദ്ദേശം ഇല്ല. പ്രസ്തുത വിഷയം സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം 17/23.9.19)നല്കിയ മറുപടിയിൽ പിക് അപ് വാൻ വാങ്ങിയതിന് ചെലവായ തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചു. Mahindra & Mahindra LTD ന്റെ അക്കൗണ്ടിലേക്ക് അധികമായി ക്രെഡിറ്റ് ചെയ്ത 1239/- രൂപ തിരികെ ഈടാക്കി അറിയിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. തുടർനടപടി വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-36 MGNREGSവ്യക്തിഗത ആനുകൂല്യം - ഗ്രാമസഭ അംഗീകരിച്ചില്ല.

MGNREGS പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർത്തിട്ടുള്ള ഗുണഭോക്താക്കൾക്ക് വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദവിവരം-

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | ചെലവ് തുക |
|---|---|---|---|
| 1 | കക്കൂസ് നിർമ്മാണം | രാഗിണി | 11572 |
| 2 | കക്കൂസ് നിർമ്മാണം | മിനി.എസ് | 11572 |
| | | | |

| | | | |
|---|---|---|---|
| 3 | കക്കൂസ് നിർമ്മാണം | വിജിത .വി | 11572 |
| 4 | കിണർ നിർമ്മാണം | രേണുക | 16310 |
| 5 | കിണർ നിർമ്മാണം | മഞ്ജു എം എൽ | 25470 |
| 6 | കിണർ നിർമ്മാണം | പ്രീതി.പി | 6724 |

MGNREG Act 2005 ഖണ്ഡിക 6.1.10 പ്രകാരം ആസ്തി സൃഷ്ടിക്കുന്നതിന് വേണ്ടി തയ്യാറാറാക്കപ്പെട്ട പ്രവൃത്തികൾ, അവയുടെ തുടർ നടപടി ക്രമങ്ങൾ എന്നിവ ഗ്രാമസഭയിൽ വച്ച് അംഗീകരിക്കണം.

മേൽ സൂചിപ്പിച്ച പദ്ധതി പ്രകാരമുള്ള ഗുണഭോക്താക്കളിൽ വിജിത .വി എന്ന ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 19/24.09.2019) നല്കിയ മറുപടിയിൽ പ്രസ്തുത ഗുണഭോക്താവിനെ അടുത്ത ഗ്രാമസഭയിൽ അംഗീകരിച്ച് ആയതിന്റെ രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി നല്കിയിട്ടുണ്ട്. വ്യക്തിഗത ആനുകൂല്യത്തിന് അർഹതയുള്ളവരെ പദ്ധതി രൂപീകരിച്ച് അംഗീകരിച്ച് ആനുകൂല്യം നല്കുന്നതിന് മുൻപ് ഗ്രാമസഭയിൽ തെരഞ്ഞെടുക്കേണ്ടതാണ്.ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും മറുപടിയിൽ പരാമർശിച്ച പ്രകാരം മേൽ സൂചിപ്പിച്ച ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചതിന്റെ രേഖകൾ ഹാജരാക്കേണ്ടതുമാണ്.

# 1-37 ബഡ്സ് സ്കൂൾ വാഹന വാടക കുടിശ്ശിക അനുവദിച്ചത് ക്രമപ്രകാരമല്ല

പ്രോജക്ട് പേര്, നമ്പർ ബഡ്സ് സ്കൂൾ അടിസ്ഥാന സൗകര്യം, ശമ്പളം, ഭക്ഷണം, വാഹന വാടക മുതലായവ

(SOO 17 /19

വകയിരുത്തൽ 600000/-രൂപ (വികസന ഫണ്ട് -400000/-രൂപ ബ്ലോക്ക് ഷെയർ 200000 )

ചെലവ് 400000/-രൂപ (വികസന ഫണ്ട് ) 100000/- രൂപ (ബ്ലോക്ക് ഷെയർ)

മാനസികവും ശാരീരികവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികളെ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം നൽകി സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കുന്നതിനുവേണ്ടിയാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത്. പദ്ധതിയിൽ ബഡ്സ് സ്കൂൾ ടീച്ചറുടെ ഓണറേറിയം, ഹെൽപ്പറുടെ ഓണറേറിയം, കുട്ടികൾക്കുള്ള ഭക്ഷണവും മറ്റ് ചെലവ്, വാഹന ചെലവുകൾ എന്നിവയ്ക്കായി യഥാക്രമം 144000/-രൂപ, 72000/-രൂപ, 200000/-രൂപ, 184000/-രൂപ എന്നീ തുകകൾ വകയിരുത്തിയിരുന്നു.

കുട്ടികളെ ബഡ്സ് സ്കൂളിൽ എത്തിക്കുന്നതിന് വാഹനസൗകര്യം ഒരുക്കുന്നതിലേക്ക് 11-7-18 ൽ ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും ടെണ്ടർ സമർപ്പിക്കാത്തതിനാൽ 18-7-18 ൽ റീടെണ്ടർ ക്ഷണിക്കുകയും ശ്രീ പുരുഷോത്തമൻദാസ് മാത്രം ദിവസം 800/-രൂപ നിരക്കിൽ വാഹനവാടകക്ക് കുട്ടികളെ സ്കൂളിൽ എത്തിക്കാമെന്നുള്ള വ്യവസ്ഥയിൽ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു.പ്രസ്തുത ടെണ്ടർ 24-7-2018 ൽ നടന്ന പഞ്ചായത്ത് കമ്മിറ്റിയിൽ (1(12) , 24-7-18 തീരുമാനം) അംഗീകരിച്ചു. എന്നാൽ ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള

വാടകനിരക്കിൽ വാഹനം ഓടിച്ച് തുടങ്ങുന്ന കാലയളവും സേവനം അവസാനിപ്പിക്കുന്ന കാലയളവും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ടെണ്ടർ അനുവദിച്ച് നൽകിയ വ്യക്തിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. 24-7-18 ലാണ് ടെണ്ടർ അംഗീകരിച്ചതെങ്കിലും 2018 ഏപ്രിൽ, മേയ്, ജൂൺ, ജൂലൈ മാസങ്ങളിലെ വാഹനവാടക കുടിശ്ശികയായി 12700/-രൂപ (ബിൽ നം. 23/18-19, 20-10-18) നൽകിയിട്ടുണ്ട്. ടെണ്ടർ അംഗീകരിക്കുന്നതിന് മുൻപുള്ള മാസങ്ങളിൽ 650/-രൂപയാണ് ദിവസവാടകയായി നൽകിയിരുന്നത്. പ്രസ്തുത വിഷയം സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം 32, 27.9.19) നല്കിയ മറുപടിയിൽ 18-19 വർഷത്തേക്കുള്ള ടെണ്ടർ ആയതിനാലാണ് കുടിശ്ശിക നല്കിയത് എന്ന് അറിയിച്ചു. ടെണ്ടർ / എഗ്രിമെന്റ് ചമച്ച തീയതി മുതൽ മാത്രമാണ് ടെണ്ടറിൽ സൂചിപ്പിച്ചിട്ടുള്ള നിരക്കിന് പ്രാബല്യം എന്നിരിക്കെ ടെണ്ടർ അംഗീകരിക്കും മുൻപുള്ള കാലയളവിലെ തുക നല്കിയത് ശരിയായ നടപടി അല്ല. കൂടാതെ ടെണ്ടറിൽ മുൻകാല പ്രാബല്യം സൂചിപ്പിച്ചിട്ടില്ല. അതിനാൽ കുടിശ്ശിക നല്കിയ തുക റിപ്പോർട്ട് കൈപ്പറ്റി 3 മാസത്തിനുള്ളിൽ തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കി നിരാകരിക്കുന്നതാണ്.

## 1-38 അംഗൻവാടിയ്ക് കുടിവെള്ള കണക്ഷൻ - പദ്ധതി രൂപീകരിച്ചില്ല.

പഞ്ചായത്തിന്റെ കീഴിലുള്ളതും സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നതുമായ 35, 37- ാം നം അംഗൻവാടികൾക്ക് നിലവിൽ കുടിവെള്ള കണക്ഷൻ ഇല്ല. അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി കുടിവെള്ള സൗകര്യം ഒരുക്കുന്നതിനായി 2018-19 വർഷം 20000/-രൂപ സാമൂഹ്യ സുരക്ഷാ വകുപ്പിൽ നിന്നും പഞ്ചായത്തിന്റെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ 2019-20 വർഷം 35 ാം നമ്പർ അംഗനവാടിക്ക് കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. 22 കുട്ടികൾ പഠിക്കുന്ന 37ാം നമ്പർ അംഗനവാടിക്ക് ഇതുവരെ കുടിവെള്ള കണക്ഷൻ ലഭ്യമാക്കുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അടിസ്ഥാന സൗകര്യ വികസനത്തിൽ അതീവപ്രാധാന്യം അർഹിക്കുന്ന കുടിവെള്ള കണക്ഷനുവേണ്ടി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാത്തത് പഞ്ചായത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( 14/18-9-2019) ലഭിച്ച മറുപടിയിൽ പദ്ധതി രൂപീകരിക്കുന്നതിനു വേണ്ടി പഞ്ചായത്തിന് അപേക്ഷ നൽകിയിട്ടുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചു. മേൽ വിഷയത്തിന് അർഹിക്കുന്ന പ്രാധാന്യം നൽകി കുടിവെള്ള കണക്ഷനുവേണ്ടി അടിയന്തിരമായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കേണ്ടതാണ്.

## 1-39 പാലിയേറ്റീവ് കെയർ പ്രവർത്തനം -അപാകതകൾ

പാലിയേറ്റീവ് കെയർ പ്രവർത്തനം സംബന്ധിച്ച് സ.ഉ(സാധാ).3217/15/ തസ്വഭവ മാർഗ്ഗരേഖ പ്രകാരം പി.എം.സി മീറ്റിംഗ് രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിലോ ആവശ്യാനുസരണമോ കൂടേണ്ടതും പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്.എന്നാൽ 2018-19 സാമ്പത്തിക വർഷം ഒരു തവണ

മാത്രമാണ്(06.02.2019 തീയതിയിൽ) പി.എം.സി മീറ്റിംഗ് കൂടിയിട്ടുള്ളത്. കൂടാതെ പാലിയേറ്റീവ് പ്രവർത്തനം സംബന്ധിച്ച പ്രതിമാസ പ്രവർത്തനാവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും മെമ്പർ സെക്രട്ടറി പി.എം.സി യോഗത്തിൽ അവതരിപ്പിച്ചത് സംബന്ധിച്ചും, യോഗത്തിലെ തീരുമാനങ്ങളെ സംബന്ധിച്ചും മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ആരോഗ്യവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് മോണിറ്റർ ചെയ്ത് റിപ്പോർട്ട് സമർപ്പിക്കണമെന്ന മാർഗ്ഗരേഖ ഖണ്ഡിക 2.11.3 നിർദ്ദേശവും പാലിക്കപ്പെട്ടിട്ടില്ല .

ഓഡിറ്റിനായി ഹാജരാക്കിയ ഹോം വിസിറ്റ് രജിസ്റ്റർ, അറ്റൻഡൻസ് രജിസ്റ്റർ എന്നിവ നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിരുന്നില്ല. കൂടാതെ പാലിയേറ്റീവ് കെയർ അറ്റൻഡൻസ് വിവിധ പുസ്തകങ്ങളിലായാണ് രേഖപ്പെടുത്തി സൂക്ഷിക്കുന്നത്(20.12.2018 മുതൽ 04.01.2018 വരെ കാലയളവിലേയ്ക്ക് മാത്രമായി പ്രത്യേക അറ്റൻഡൻസ് രജിസ്റ്റർ എഴുതി സൂക്ഷിച്ചു). പാലിയേറ്റീവ് കെയർ ആംബുലൻസിന്റെ (രജിനം.KL01-CB-3872) ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകങ്ങൾ കണ്ടെത്തി.

i)

| | 02/2018-ലെ closing km | 03/2018 opening km | 03/2018 closing km | 03/2018 ൽ സഞ്ചരിച്ച ദൂരം |
|---|---|---|---|---|
| ലോഗ് ബുക്കിൽ രേഖപ്പെടുത്തിയ സംക്ഷിപ്തം | 2470 | 2682 | 2470 | 212 km |
| ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ യഥാർത്ഥ ദൂരം | 2470 | 2470 | 2709 | 239 km |

ii)

| | 07/2018-ലെ ബാക്കിയുള്ള പെട്രോൾ(litre) | 08/2018 നിറച്ച പെട്രോൾ (litre) | 08/2018-ൽ ഉപയോഗിച്ച പെട്രോൾ(litre) | 08/2018-ലെ ബാക്കിയുള്ള പെട്രോൾ(litre) |
|---|---|---|---|---|
| ലോഗ് ബുക്കിലെ സംക്ഷിപ്തം | 20 | 66 | 34 | 32 |
| ലോഗ് ബുക്ക് പരിശോധനയിൽ കണ്ടെത്തിയ വിവരം | 20 | 51 | 34 | 37 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി26/26.09.2019 ന് ലഭിച്ച മറുപടിയിൽ മേൽ അപാകതകൾ പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് പ്രകാരമുള്ള നിർദ്ദേശങ്ങൾ കർശനമായും പാലിച്ചുകൊണ്ട് പാലിയേറ്റീവ് പ്രവർത്തനം നടപ്പിലാക്കേണ്ടതാണ്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും മേൽ വിഷയങ്ങൾ പരിശോധിച്ച് ഉറപ്പാക്കേണ്ടതാണ്.

## 1-40 മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല

മെഡിക്കൽ ഓഫീസർ അലോപ്പതി, ഹോമിയോ എന്നിവർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ട് പ്രകാരം അനുവദിച്ച തുകകളിൽ യഥാക്രമം 75587/-, 2204/- രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭിച്ചിട്ടില്ല.

| പ്രോജക്ട് നം/ പേര് | അടങ്കൽ | ചെലവ് | .അനുവദിച്ച തുക/ ബിൽ നം | ലഭിച്ച മരുന്നുകൾ | |
|---|---|---|---|---|---|
| | | | | ഇൻവോയ്സ് നം | തുക |
| SO0016/19 പാലിയേറ്റീവ് കെയർ | 500000 (വി.ഫ) | 452870 | 252960 09/24.12.18 (കേരള.മെഡി.സർ കോർപ്പറേഷൻ) | 40190/08.03.19 | 4366 |
| | | | | 17312//18.03.19 | 135490 |
| | | | | 17313/18.03.19 | 36085 |
| | | | | 40623/20.03.19 | 4727 |
| | | | | 294/09.04.19 | 14750 |
| | | | | 4260/11.07.19 | 12489 |
| | | | | 5292/19.08.19 | 7732 |
| | 200000 (ബ്ലോക്ക് വിഹിതം) | 200000 | 200000 58/21.12.18(EFT) (കേരള.മെഡി.സർ കോർപ്പറേഷൻ) | 17310/18.03.19 | 37566 |
| | | | | 40622/20.03.19 | 5127 |
| | | | | 867/24.04.19 | 80488 |
| | | | | 2939/31.05.19 | 32785 |
| | | | | 765/19.05.19 | 5768 |
| **ആകെ** | **700000** | **652870** | **452960** | | **377373** |
| SO0010/19 ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ | 350000 (വി.ഫ) | 350000 | 350000 01/18.09.18 (ഔഷധി) | 90117766/21.06.19 | 20753 |
| | | | | 90115530/31.05.19 | 27180 |
| | | | | 90114006/21.05.19 | 26472 |
| | | | | 90110650/30.03.19 | 48350 |
| | | | | 90107601/14.03.19 | 23919 |
| | | | | 90105683/28.02.19 | 8542 |
| | | | | 90098135/16.01.19 | 29999 |
| | | | | 90094484/20.12.18 | 26545 |
| | | | | 90086064/21.10.18 | 49337 |
| | | | | 90089491/10.11.18 | 81914 |
| | | | | 90102226/13.02.19 | 4785 |

| | | | | | |
|---|---|---|---|---|---|
| ആകെ | 350000 | 350000 | 350000 | | 347796 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.26,27/28.09.2019 ന് ലഭിച്ച മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിന് തുടർ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയം പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

# 1-41 ആവശ്യകത നിർണയിക്കാതെയുള്ള ഗുണഭോക്തൃതെരഞ്ഞെടുപ്പ്

എസ് സി വിഭാഗത്തിൽപ്പെട്ട 38 ഗുണഭോക്താക്കൾക്ക് കിണർ റീചാർജിംഗ് നടത്തുന്നതിനായി 304000/- രൂപ അടങ്കൽ തുക (വികസന ഫണ്ട് 152000, ബ്ലോക്ക് വിഹിതം 60800, ജില്ലാ പഞ്ചായത്ത് വിഹിതം 91200) നിശ്ചയിച്ച് കൊണ്ട് 8000/-രൂപ യൂണിറ്റ് കോസ്റ്റ് നിരക്കിൽ ആനുകൂല്യം നൽകുന്നതിനുവേണ്ടി അസിസ്റ്റന്റ് സെക്രട്ടറിയുടെ നിർവഹണത്തിൽ ജലശ്രീ - കിണർ റീചാർജിംഗ് (SO 124/19) എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം 17 പേർക്ക് ആനുകൂല്യം നൽകിയതിൽ 5 ഗുണഭോക്താക്കൾ മാത്രമാണ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉണ്ടായിരുന്നത്. 38 ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റിൽ 34 പേർ മാത്രമാണ് ഉൾപ്പെട്ടിരുന്നത്. എന്നാൽ ഈ ഗുണഭോക്താക്കൾ ആരും തന്നെ ആനുകൂല്യത്തിന് തയ്യാറായി വരാതിരുന്നതിനാൽ ലിസ്റ്റിലില്ലാത്ത 12 പേർക്ക് കൂടി ചേർത്ത് ആകെ 17 പേർക്ക് ആനുകൂല്യം നൽകി. ആയതിലേക്കായി 136000/-രൂപ ചെലവായിട്ടുണ്ട് (വികസന ഫണ്ട് 68000ബ്ലോക്ക് വിഹിതം 27200, ജില്ലാ പഞ്ചായത്ത് വിഹിതം 40800). പ്രസ്തുത 12 ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് തുടർന്നുള്ള ഗ്രാമസഭയിൽ വച്ച് സാധൂകരണം നൽകുകയാണ് ഉണ്ടായത്.

പദ്ധതി ആസൂത്രണത്തിന്റെ അഭാവവും ആവശ്യകത നിർണ്ണയിക്കാതെ ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തിയതിനാലുമാണ് ഒരിക്കൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ലിസ്റ്റിലുള്ളവർക്ക് ആനുകൂല്യം നൽകാൻ കഴിയാത്തത്. ആയതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 40/30-09-2019) ആദ്യ ഗുണഭോക്തൃലിസ്റ്റിൽ ഇല്ലാതിരുന്ന 12 പേരുടെ തെരഞ്ഞെടുപ്പ് ഗ്രാമസഭ സാധൂകരണം നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്. സർക്കുലർ 34704/ഡി പി 1/03//ത.സ്വ.ഭ.വ തീയതി 4-8-2003 പ്രകാരം ഒരിക്കൽ ഗ്രാമസഭയിൽ ചർച്ച ചെയ്ത് മുൻഗണന നിശ്ചയിച്ച് തയ്യാറാക്കിയ ഗുണഭോക്തൃലിസ്റ്റ് മാറ്റം വരുത്താൻ പാടില്ലായെന്ന് നിഷ്കർഷിക്കുന്നുണ്ട്. ആയതിനാൽ പ്രസ്തുത മറുപടി അംഗീകരിക്കുന്നില്ല.

ഗുണഭോക്തൃതെരഞ്ഞെടുപ്പ് സംബന്ധിച്ച സർക്കാർ പുറപ്പെടുവിച്ച ജി. ഓ.(പി) 220/97/ത.സ്വ.ഭ.വ. തീയതി 2-10-97, ജി.ഓ.(പി)181/98/ത.സ്വ.ഭ.വ. തീയതി 2-09-98 ലെ വ്യവസ്ഥകൾ കൃത്യമായി പാലിച്ചുകൊണ്ട്

ഗുണഭോക്തൃതെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പഞ്ചായത്ത് ഓഫീസ് ഇലക്ട്രിഫിക്കേഷൻ- 44,662/- രൂപയുടെ പ്രവൃത്തി നടത്തിയിട്ടില്ല - തുക നിരാകരിക്കുന്നു.

പഞ്ചായത്ത് ഓഫീസ് ഗ്രൗണ്ട് ഫ്ലോർ ഇലക്ട്രിഫിക്കേഷൻ [പ്രോജക്ട് നം.So.16619, 114/19] എന്ന പദ്ധതിക്കായി യഥാക്രമം 2,00,000/- രൂപ (വികസന ഫണ്ട്-പൊതുവിഹിതം), 50,000/- രൂപ (തനത്ഫണ്ട്), 7,00,000/- രൂപ (തനത്ഫണ്ട്) വകയിരുത്തുകയും ചുവടെ ചേർക്കും പ്രകാരം ചെലവ് ചെയ്തിട്ടുള്ളതുമാണ്.

| പ്രോജക്ട് നം | കോൺട്രാക്ടർ | ചെലവ് | ബിൽ നം./ ചെക്ക് നം. / തീയതി |
|---|---|---|---|
| 166/19 (ചെറുന്നിയൂർ ഗ്രാമപഞ്ചായത്ത് ഓഫീസ് ഗ്രൗണ്ട് ഫ്ലോർ നവീകരണം) | വിജയൻ.എൽ | 2,00,000/- രൂപ (വികസന ഫണ്ട്-പൊതുവിഹിതം) | ബിൽ നം.1/18-19 തീ.21.05.2018 |
| | | 9574/- രൂപ. (തനത്ഫണ്ട്) | ചെക്ക് നം. 1694849 തീ.21.05.2018 |
| 114/19 (പഞ്ചായത്ത് ഓഫീസ് നവീകരണവും റിക്കാർഡ് റൂം ഒരുക്കലും) | | 51494/- രൂപ (തനത്ഫണ്ട്) | ചെക്ക് നം. 124016 തീ.01.11.2018 |
| | | | ചെക്ക് നം. 59765 തീ.01.01.2019 |
| | | | ചെക്ക് നം. |

| | | | |
|---|---|---|---|
| | | | 330613<br>തീ.20.01.2019 |

മേൽ പറഞ്ഞ പ്രകാരം തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും ചുവടെ ചേർക്കുന്ന ഇനങ്ങൾ സ്ഥാപിച്ചിട്ടില്ലായെന്ന് 28.09.2019ന് നടത്തിയ സ്ഥലപരിശോധനയിൽ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ളതാണ്.

| ഇനം | എണ്ണം |
|---|---|
| Single Control light point with ceiling rose | 4 |
| Single Control light point without ceiling rose | 24 |
| Independant Plugs | 6 |
| Ceiling Fan (400 mm Sweep) | 2 |
| 16A power plug socket | 9 |
| Normal size 18/20W CFL | 18 |

ഈ ഇനങ്ങളിൽ ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുള്ളതാണ്.

| ഐറ്റം നം. | എം.ബുക്ക് നം. | ഇനം | എണ്ണം (സ്ഥാപിക്കാത്തത്) | എം.ബുക്ക് പ്രകാരം അനുവദിച്ച തുക | അധികം അനുവദിച്ച തുക |
|---|---|---|---|---|---|
| 1(a) | 194/17-18 | Single Control light point with ceiling rose | 4 | 841 | 3364 |
| 1(b) | | Single Control light point without ceiling rose | 24 | 823 | 19752 |
| 1(e) | | Independant Plugs | 6 | 561 | 3366 |
| 9(a) | | Ceiling Fan (400 mm Sweep) | 2 | 1746 | 3492 |
| 11 | | 16A power plug socket | 9 | 1142 | 10278 |
| 4(a) | | Normal size 18/20W | 18 | 245 | 4410 |

| | | | | | |
|---|---|---|---|---|---|
| | | CFL | | | |
| ആകെ | | | | | 44662/- |

വിഷയത്തിന്മേൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (36/28.09.2019) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതിക്ക് TS നൽകിയതും നടപ്പാക്കിയതും ജില്ലാ പഞ്ചായത്തിന്റെ ഇലക്ട്രിക്കൽ വിഭാഗമാണെന്നും ബിൽ തുക മാത്രമേ മാറി നൽകിയിട്ടുള്ളുവെന്നും അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. എന്നിരിക്കിലും ഉപകരണങ്ങൾ സ്ഥാപിച്ചിട്ടില്ലാത്തതിനാൽ 44,662/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

## ഭാഗം -4
## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 15-07-2019 മുതൽ 16-07-2019 വരെ | നം. കെ എസ് എ റ്റി വി എം ജി പി 7/ 1465/19, തീയതി 20-08-2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | മുൻബാക്കി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | | 10200 | ജൈവസമൃദ്ധി | 10200 | 0 |
| | | | 136000 | കേദാരം നെൽകൃഷി | 136000 | 0 |
| | | | 30000 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 30000 | 0 |
| | | | 250000 | കാർഷിക കർമ്മ സേനയ്ക്ക് മൊബൈൽ വിപണി | 250000 | 0 |
| | | | 200000 | പാലിയേറ്റീവ് കെയർ | 200000 | 0 |
| | | | 533293 | ലൈഫ്(ജനറൽ) | 533293 | 0 |
| | | | 1733681 | ലൈഫ്(എസ്.സി.പി) | 1733681 | 0 |
| | | | 108000 | കിണർ റീചാർജിംഗ് | 10080 | 97920 |
| | | | 100000 | അങ്കൺവാടി ന്യൂട്രിഷൻ | 100000 | 0 |
| | | | 100000 | ബഡ്സ് സ്കൂൾ | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | നടത്തിപ്പ് | | |
| | | | 185250 | സ്നേഹ സ്പർശം | 99000 | 86250 |
| | | | 50000 | സ്കോളർഷിപ്പ് | 23950 | 26050 |
| | | 36400 | 0 | ഫർണിച്ചർ ബഡ്സ്കൂൾ | 21250 | 15150 |
| | | 100000 | 0 | പി.എച്ച്.സി. ലാബ് ഇൻഫ്രാ സ്ടക്ചർ | 99875 | 125 |
| | | | 50000 | ക്ഷീര സമൃദ്ധി, ജനറൽ | 50000 | 0 |
| | | | 100000 | ക്ഷീര സമൃദ്ധി | 100000 | 0 |
| | | | 60800 | കിണർ റീചാർജിംഗ്(SCP) | 11200 | 49600 |
| ആകെ | | 136400 | 3647224 | | 3508529 | 275095 |

* കുറിപ്പ് - ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്.

മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകയിലെ പൊരുത്തക്കേട് വാർഷിക കണക്കിലെ അപാകതയായി ഖണ്ഡിക 1.11 ൽ ചേർത്തിട്ടുണ്ട്.

**ജില്ലാ പഞ്ചായത്ത്**

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച വർഷം | OB | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | | 140000 | ഹരിത ഭവനം | 140000 | 0 |
| | | | 136000 | കേദാരം നെൽകൃഷി | 136000 | 0 |
| | | | 30000 | തരിശ് ഭൂമി കൃഷിയോഗ്യമാക്കൽ | 30000 | 0 |
| | | | 140000 | ഹരിത ഭവനം | 140000 | 0 |
| | | 68000 | 0 | നെൽകൃഷി വികസനം | 68000 | 0 |
| | | 20400 | 0 | ജൈവ പച്ചക്കറി | 20400 | 0 |
| | | | 379493 | ലൈഫ്(ജനറൽ) | 231852 | 147641 |
| | | | 1303870 | ലൈഫ്(എസ്.സി.പി) | 983870 | 320000 |
| | | | 15120 | കിണർ റീചാർജിംഗ് | 15120 | 0 |
| | | 36750 | 0 | ബഡ്സ്കൂളിന് ഫർണിച്ചർ | 0 | 36750 |
| | | | 213750 | സ്നേഹ സ്പർശം | 213000 | 750 |
| | | | 30000 | ക്ഷീര സമൃദ്ധി, ജനറൽ | 30000 | 0 |
| | | | 85000 | ക്ഷീര സമൃദ്ധി | 60000 | 25000 |
| | | | 40800 | കിണർ | 40800 | 0 |

| | | | | | | |
|---|---|---|---|---|---|---|
| | | | | റീചാർജിംഗ്(SCP) | | |
| ആകെ | | 125150 | 2514033 | | 2109042 | 530141 |

# കുറിപ്പ് - ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരമുള്ള വിവരമാണ് മുകളിൽ ചേർത്തിട്ടുള്ളത്. മുന്നിരിപ്പ്, വരവ്, ചെലവ്, നീക്കിയിരിപ്പ് തുകയിലെ പൊരുത്തക്കേട് വാർഷിക കണക്കിലെ അപാകതയായി ഖണ്ഡിക 1.11 ൽ ചേർത്തിട്ടുണ്ട്.

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | 2018-19 സാമ്പത്തികവർഷം മുൻകൂർ നൽകിയ തുക | | 2018-19 സാമ്പത്തികവർഷം ചെലവഴിച്ച തുക (യു.സി ലഭ്യമായത്) | | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | പ്രോജക്ട് പേര് | തുക | പ്രോജക്ട് നം, പേര് | തുക | |
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 172280 | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ | 172280 | ഇല്ല |
| കെ.എസ്.ഇ.ബി | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (എസ് സി പി) | 49560 | തെരുവുവിളക്ക് ലൈൻ ദീർഘിപ്പിക്കൽ (എസ് സി പി) | 49560 | ഇല്ല |
| കെ.എസ്.ഇ.ബി | 35-ാംനമ്പർ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ | 92018 | 35-ാംനമ്പർ അംഗൻവാടിക്ക് വൈദ്യുതി കണക്ഷൻ | 92018 | ഇല്ല |
| കെ. ഡബ്ല്യൂ. എ | 38-ാംനമ്പർ അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ | 24900 | 38-ാംനമ്പർ അംഗൻവാടിക്ക് കുടിവെള്ള കണക്ഷൻ | 24900 | ഇല്ല |
| കെ. ഡബ്ല്യൂ. എ | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 247353 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 0 | 247353 |
| കെ. ഡബ്ല്യൂ. എ | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ( എസ് സി പി) | 972779 | കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ ( എസ് സി പി) | | 972779 |
| ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് | 35-ാംനമ്പർ അംഗൻവാടി കുഴൽകിണർ നിർമാണം | 76180 | 35-ാംനമ്പർ അംഗൻവാടി കുഴൽകിണർ നിർമാണം | | 76180 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | (സാധാ)നം. 275/2010/തസ്വഭവ തീയതി 27-10-10 | 13363500 | 1475111 | 0 | 0 | 1475111 |
| KURDF ലൈഫ് | L.F511/2018 Life Dtd 01/01/2019 of CEO Life mission | 8100000 | 0 | 0 | 0 | 8100000 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 70079877 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 68158299 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44662 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1073000 |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| **ഖണ്ഡിക നം** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും** |
|---|---|---|
| 3-1 | 44662 | ശ്രീമതി അശ്വതി എസ് പ്രസാദ്, അസി. എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| **ഖണ്ഡിക നം** | **തുക** | **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും** |
|---|---|---|
| 1.27 | 250000 | ഡോ. വി രമ, വെറ്റിനറി സർജൻ |
| 1.28 | 361000 | ഡോ. വി രമ, വെറ്റിനറി സർജൻ |
| 1.29 | 462000 | ഡോ. വി രമ, വെറ്റിനറി സർജൻ |
| ആകെ | 1073000 | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| **ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപേരും** | **സ്ഥിരം മേൽവിലാസം** |
|---|---|
| ഡോ. വി രമ, വെറ്റിനറി സർജൻ | രാജ്ഞ നിവാസ്, പാമ്പുരം, കല്ലുവാതുക്കൽ |
| ശ്രീമതി അശ്വതി എസ് പ്രസാദ്, അസി. എഞ്ചിനീയർ | പ്രൗഡ്, അശ്വതി, മേൽ വെട്ടൂർ |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| **ഓഡിറ്റ് റിപ്പോർട്ട് വർഷം** | **ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം** | **തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം** | **റിമാർക്സ്** |
|---|---|---|---|
| 2000-01 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 1 | |
| 2004-05 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 2 | |
| 2006-07 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 4 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 5 | |
| 2008-09 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 3 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 4 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 3 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം. / ജി.പി. 7/811/2018 തീയതി 05.06.2018 | 3 | |
| 2015-16 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2123/2016 തീയതി 14.12.2016 | 16 | |
| 2016-17 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 2036/2017 തീയതി 20.10.2017 | 19 | |
| 2017-18 | കെ.എസ്.റ്റി.വി.എം.ജി.പി. 07/ 43/2019 തീയതി 07.03.2019 | 36 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## <u>അനുബന്ധം - I ഓഡിറ്റ് സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(6) 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 അനുസരിച്ചും പഞ്ചായത്ത്/ നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ചെറുന്നിയൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**